ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനിടയ്ക്കു രണ്ടു ഒഴിവുദിവസങ്ങൾ വന്നുണ്ടു്. ഫാക്കിനി കാരിയേജു് ബിൽ, ഫിഷറി ബിൽ ഇവ രണ്ടിന്റേയും Select committee reports ഇനിയും ചർച്ചചെയ്യേണ്ടതായിട്ടുണ്ടു്.

Mr. Speaker: The session is extended to the 13th and 14th November.

The Travancore-Cochin Hackney Carriage Bill

(as revised by the Select Committee)

Chief Minister **(Sri. T. K. Narayana Pillai) :** I beg to present the report of the Select Committee on the Travancore-Cochin Hackney Carriage Bill.

Mr. Speaker: The report of the Select Committee on the Travancore-Cochin Hackney Carriage Bill is presented. Order, order.

We will now take up the adjournment motion posted for discussion.

Adjournment Motion regarding strike by Teachers

Sri. A. Thanu Pillai: Sir, I move for the adjournment of the business of the Assembly *"to discuss a definite matter of urgent public importance, viz. the situation arising from the strike of teachers which started recently in a number of private secondary schools in the State and the consequent cessation of teaching in these schools."*

സർ, വളരെ പരിതാപകരമായ ഒരവസ്ഥയാണു് ഇന്നു് സെക്കൻഡറി സ്കൂളുകളും സംബന്ധിച്ചു് നാട്ടിലുണ്ടായിട്ടുള്ളതു്. ഏതാണ്ടു ദിവസങ്ങളായി അനേകം പള്ളിക്കൂടങ്ങൾ അടച്ചിട്ടിരിക്കുകയാണു്. രണ്ടുമൂന്നു ദിവസങ്ങൾക്കു മുമ്പു് സെക്കൻഡറി സ്കൂൾ അദ്ധ്യാപകസംഘടനയുടെ ഒരു യോഗത്തിന്റെ റിപ്പോർട്ടു് പത്രങ്ങളിൽ കണ്ടതിൽനിന്നു് ഞാൻ മനസ്സിലാക്കുന്നതു്, നൂറിയൻപതോളം പള്ളിക്കൂടങ്ങളിൽ വാദ്ധ്യാന്മാർ പണിമുടക്കിയിട്ടുണ്ടെന്നും, അതുകാരണം പള്ളിക്കൂടങ്ങളിൽ പഠിത്തം നടക്കുന്നില്ലെന്നുമാണു്. ഒരുപക്ഷേ അതിൽപിന്നെ ചില പള്ളിക്കൂടങ്ങളിൽ ഏതാണ്ടു വാദ്ധ്യാന്മാർ ജോലി തുടങ്ങുകയും, പണിമുടക്കു് അവസാനിപ്പിക്കുകയും, പഠിത്തം തുടങ്ങുകയും ചെയ്തിരിക്കാം. അതു സംബന്ധിച്ചു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയിൽനിന്നു മാത്രമേ കൃത്യമായി എന്തെങ്കിലും അറിയുവാൻ സാധിക്കുകയുള്ളൂ. എതായാലും വളരെ പള്ളിക്കൂടങ്ങൾ ഇന്നും അടച്ചിരിക്കുകയാണെന്നുള്ളതു നിഷേധിക്കത്തക്കതല്ല. ഇങ്ങനെ ഒരവസ്ഥ ഉണ്ടായതു വിശേഷിച്ചും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒന്നുകൊണ്ടും സാധൂകരിക്കുവാൻ നിവൃത്തിയില്ലാത്തതും, പരിതാപകരവുമാണെന്നു പറയാതിരിക്കുവാൻ സാദ്ധ്യമല്ല. ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ ഇന്നു് ഇവിടെയിരിക്കുന്ന എല്ലാ മെമ്പറന്മാർക്കും അറിയാം. അദ്ധ്യാപകന്മാരുടെ ശമ്പളം, അവരുടെ മറ്റു കാര്യങ്ങളിലുള്ള ശോചനീയാവസ്ഥ കഴപ്പം ഇവയൊക്കെ നിവാരണം ചെയ്യുന്നതിനു് ഗവൺമെന്റു സ്വീകരിച്ച നടപടി ചില മാനേജുമെൻറുകൾ സ്വീകരിക്കാത്തതിനാൽ ഗവൺമെണ്ടിന്റെ ഈ നിർദ്ദേശങ്ങൾ നടപ്പിൽവരുത്താൻ സാധിക്കാതെവന്നു. ഇതുമൂലം വാദ്ധ്യാന്മാർക്കു ശമ്പളം കിട്ടാതെയായി. വാദ്ധ്യാന്മാർ പണിമുടക്കി. കുട്ടികൾക്കു പഠിക്കുവാൻ നിവൃത്തിയില്ല. അതിനാലയിൽ പള്ളിക്കൂടങ്ങൾ അടച്ചിട്ടിരിക്കുകയാണു്.

ഗവൺമെന്റിന്റെ നിർദ്ദേശങ്ങളെപ്പറ്റിയുള്ള ഗുണദോഷങ്ങളിലേക്കു പ്രവേശിക്കുന്നതിനുമുമ്പു് എനിക്കു ആദ്യമായി ഇതിനെപ്പറ്റി പറയുവാനുള്ളതു ഈ അവസ്ഥ വരുത്തുന്നതിനു് ഉത്തരവാദികൾ ഗവൺമെണ്ടു് അല്ലെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. A Thanu Pillail

ഗവമ്മെണ്ടിന്റെ നിർദ്ദേശങ്ങളെപ്പറ്റി എന്റെ അഭിപ്രായം ഞാൻ പറയാം. അതു് എന്തായിരുന്നാലും ഇങ്ങനെ കൂടുതൽ സ്കൂളുകൾ അടച്ചിടാൻ ഇടവരുത്തിയതിനു് ഗവമ്മെണ്ടിനെ കുറ്റപ്പെടുത്താതിരിക്കാൻ സാധ്യമല്ല. ഇതു് ഒരു ദിവസംകൊണ്ടു് ഉണ്ടായതല്ല. വളരെക്കാലമായി ഈ സംഗതി ഗവമ്മെണ്ടിനു് അറിവുള്ളതാണു്. വാദ്ധ്യാന്മാർക്കു് ശമ്പളം, അവരുടെ മറ്റു വിധത്തിലുള്ള അവശതകൾ ഇവ എന്താണെന്നു് ഗവമ്മെണ്ടിനു് അറിയാമായിരുന്നു. ഗവമ്മെണ്ടു് അതിനു ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടു് എന്നുള്ളതും എനിക്കറിയാം. എന്നാൽ ആ നടപടികളിൽ പ്രധാനമായിക്കാണുന്ന ഒരു ദോഷം ഗവമ്മെണ്ടിന്റെ നിർദ്ദേശങ്ങൾ മാനേജുമെൻറുകൾ സ്വീകരിക്കാതെവന്നാൽ എന്തുചെയ്യണമെന്നുള്ളതിനെപ്പറ്റി ഗവമ്മെണ്ടിനു് ഒരു തീരുമാനവും ഇല്ല എന്നുള്ളതാണു്. ഗവമ്മെണ്ടു ചെയ്യുന്ന ഏർപ്പാടുകളുടെ ദൃഷ്യംകൊണ്ടാണു് ഇങ്ങനെ ഒരു നിലയുണ്ടായതു എന്നാണു് ഞാൻ പറയുന്നതു്. മാനേജുമെൻറുകളും ഗവമ്മെണ്ടും അദ്ധ്യാപകന്മാരും കൂടിയിരുന്നു് ആലോചിച്ചതിന്റെ ഫലമായിട്ടു് ചില വ്യവസ്ഥകൾ സ്വീകരിക്കാൻ ഇടയായി എന്നു നമുക്കറിയാം. എന്നാൽ ആ വ്യവസ്ഥകൾ എല്ലാ മാനേജുമെൻറുകളും സ്വീകരിച്ചിട്ടില്ല എന്നുള്ളതാണു് ഇപ്പോൾ സ്പഷ്ടമായിട്ടുള്ളതു്. അങ്ങനെ മാനേജുമെൻറുകൾ ഗവമ്മെണ്ടിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കാതെവന്നാൽ വിദ്യാർത്ഥികളുടെ രക്ഷയെ കരുതി ഗവമ്മെണ്ടു് എന്താണു ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി ഗവമ്മെണ്ടിനുതന്നെ നിശ്ചയമില്ല. ഇന്നും നിശ്ചയമില്ലെന്നാണു് കാണുന്നതു്. ആ കാര്യത്തിൽ പ്രധാനമായി ഗവമ്മെണ്ടിനെ കുറ്റപ്പെടുത്താതെ നിവൃത്തിയില്ല. സർ, ഈ സ്കൂളുകൾ ഒന്നുകിൽ ഗവമ്മെണ്ടു് ഏറ്റെടുത്തു നടത്തണം; അല്ലെങ്കിൽ മാനേജുമെൻറുകളെക്കൊണ്ടു് ശരിയായി നടത്തിക്കണം. ഇതുരണ്ടും സാധ്യമല്ലെന്നുവരുകിൽ എന്താണു് ചെയ്യേണ്ടതെന്നു നാം ചിന്തിക്കണം. ഗവമ്മെണ്ടു് ഒരുപക്ഷെ പറയുമെന്നു് എനിക്കറിയാം, കഴിവുള്ളേടത്തോളം യോജിച്ചുപോകാമെന്നു്; ഗവമ്മെണ്ടു നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം എല്ലാ മാനേജുമെൻറുകളും സ്വീകരിക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം; അങ്ങനെ സ്വീകരിച്ചില്ലെങ്കിൽ അപ്പോൾ ഞങ്ങൾ ആലോചിക്കുന്നതാണു് എന്നു്. ഇതുതന്നെ ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതായി ഞാൻ ഓർക്കുന്നു. എത്ര സ്കൂളുകൾ അടച്ചിട്ടിരിക്കുന്നു എന്നു് മന്ത്രി എന്റെ പ്രസംഗത്തിന്റെ ഇടക്കുതന്നെയോ അതിനുശേഷമോ പറയുമെങ്കിൽ ഉപകാരമായിരിക്കും.

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒഫീഷ്യൽ റിപ്പോർട്ട് കിട്ടിയതനുസരിച്ചു് തിരുവിതാംകൂറിൽ 1951 സ്കൂളുകളിൽ അദ്ധ്യയനം നടക്കുന്നില്ല. ഇതു് എഡ്യൂക്കേഷൻ ഡയറക്ടറിൽനിന്നും കിട്ടിയ റിപ്പോർട്ടാണു്. ഇതിൽക്കൂടുതലാകാനും വിരോധമില്ല.

ശ്രീ. എ. താണുപിള്ള: 1951 സ്കൂളുകളിൽ കൂടുതൽ അടച്ചിട്ടില്ലെന്നു റിപ്പോർട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതലുമാകാം. പക്ഷെ ഇതു് ഒഫീഷ്യൽ റിപ്പോർട്ടാണു്. ഒരുപക്ഷെ പിന്നീടു കൂടുതൽ അടച്ചിരിക്കാനും മതി.

ശ്രീ. എ. താണുപിള്ള: പിന്നീടു് പല സ്കൂളുകളും അടച്ചിട്ടിരിക്കുന്നു എന്നാണു് എന്റെ അറിവു്. അതിനാൽ ഗവമ്മെണ്ടു് എന്താണു് ചെയ്യാൻപോകുന്നതു്? സർ, ഈ വ്യവസ്ഥകളെക്കുറിച്ചും ഞാൻ ഒരു വാക്കു പറയാനാഗ്

LIBRARY ARCHIVES Kerala Legislative Assembly

ഹിക്കുന്നു. ഈ വ്യവസ്ഥകളും മാനേജ്മെന്റുകൾക്കു ഏറ്റവും സഹികായ്പ്രദമാണ് എന്നാണ് എന്റെ അഭിപ്രായം. അതായതു് ഇതിനേക്കാൾ കൂടുതൽ സഹികായ്പ്രദമായ ഒരു സൗജന്യവ്യവസ്ഥ ഒരു ഗവൺമെണ്ടിനും ചെയ്യാൻ സാധിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. സർ, പിന്നെ എന്താണ് ഈ കഴപ്പത്തിനു കാരണം? പ്രധാനമായി രണ്ടു കായ്ങ്ങളാണ് ഇതിനുള്ളതു്. ഈ സ്കൂളുകളിൽ പിരിഞ്ഞുകിട്ടുന്ന ഫീസിന്റെ എൺപതുശതമാനം വാദ്ധ്യാന്മാക്കു ശമ്പളത്തിനായി നീക്കിവെയ്ക്കുക. ഇരുപതു ശതമാനംകൊണ്ടു് സ്കൂളുകളിലെ മറ്റു കായ്ങ്ങളും നടപ്പാക്കുക. എന്നാൽ വാദ്ധ്യാന്മാരുടെ നിയമനം, പ്രമോഷൻ, നിയന്ത്രണം ഇവ സംബന്ധിച്ചാണെങ്കിൽ യാതൊരു മാറ്റവും ഗവൺമെണ്ടു വരുത്തിയിട്ടില്ലെന്നാണ് ഞാൻ പറയുന്നതു്. ഈ നിയമനങ്ങളെപ്പറ്റി ഇവിടെ മറുപടി പറഞ്ഞതു് വാദ്ധ്യാർ ജോലിക്കു് അപേക്ഷിക്കുന്നവരുടെ അപേക്ഷകളൊക്കെ പരിഗണിച്ചു് പബ്ലിക്കു് സർവ്വീസു് കമ്മിഷനും എഡ്യുക്കേഷൻ ഡയറക്ടരുംകൂടി ചേർന്നു് ഒരു ലിസ്റ്റു് ഉണ്ടാക്കണം. വാദ്ധ്യാരാകാൻ യോഗ്യതയുള്ള എല്ലാവരുടേയും പേർ എടുത്തു് ഒരു ലിസ്റ്റു് ഉണ്ടാക്കും. അതു മാനേജ്മെൻറു കമ്മിക്കു് അയച്ചുകൊടുക്കും. ആ ലിസ്റ്റിൽനിന്നു് ഇഷ്ടമുള്ളവരെ മാനേജ്മെൻറു കമ്മിക്കു് നിയമിക്കാം. ഇതാണു് ഒരു പരിമിതി. സർ, വാദ്ധ്യാർജോലിക്കു യോഗ്യതയുള്ളവരിൽനിന്നു മാത്രമേ നിയമിക്കാവു. സർ, ഇതിൽ എന്തെങ്കിലും നിയന്ത്രണം ഉണ്ടോ? മന്ത്രി പറഞ്ഞു, അതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നു്. സർ, ആദ്യം പറഞ്ഞതു് എത്ര വാദ്ധ്യാന്മാർ ആവശ്യമുണ്ടോ അതിന്റെ മൂന്നോ നാലോ ഇരട്ടി ആളുകളുടെ പേരു ചേർത്തു് ഒരു ലിസ്റ്റു് അയച്ചുകൊടുക്കും, അതിൽനിന്നു് നിയമനം നടത്തണമെന്നു്. ഇപ്പോൾ അതൊക്കെ പോയി. ഇപ്പോൾ ആകപ്പാടെ ഒരു ലിസ്റ്റു്; വാദ്ധ്യാരാകാൻ യോഗ്യതയുള്ള ആളുകളുടെ പേരുകളും എല്ലാം ചേർത്തിട്ടുള്ള ഒരു ലിസ്റ്റു് അയച്ചുകൊടുക്കും. അതിൽനിന്നു് അവർ നിയമനം നടത്തിക്കൊള്ളണം. സർ, ഇതിൽ എന്തെങ്കിലും നിയന്ത്രണം ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. മറ്റു നിയന്ത്രണങ്ങളെപ്പറ്റിയാണെങ്കിൽ എഡ്യുക്കേഷൻ കോഡിൽ പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു നടത്തിക്കൊള്ളണം. പിന്നെ ഒന്നുള്ളതു് വ 0 ശതമാനം ഫീസു പിരിവിനെ സംബന്ധിച്ചാണു്. വ 0 ശതമാനം ട്രഷറിയിൽ അടച്ചാലെ വാദ്ധ്യാന്മാക്കു ശമ്പളം കൊടുക്കുകയുള്ളു. സർ, പ്രൈവറ്റു വാദ്ധ്യാന്മാരുടെ കായ്ത്തിൽ വളരെ കഴപ്പുമുണ്ടു്. ഒന്നാമതു് അവക്കു് വളരെ കുറഞ്ഞ ശമ്പളം. ഉള്ളശമ്പളംതന്നെ അവക്കു് നേരെ കിട്ടുന്നില്ല. അവരുടെ കയ്യിൽനിന്നും ൭ ൫ രൂപയ്ക്കു രസീതു വാങ്ങിയിട്ടു് ൫ 0 രൂപയോ മറ്റോ—ചില സ്ഥലത്തു അതുതന്നെയും കൊടുക്കുന്നില്ല—കൊടുക്കുകയാണു്. ഈ കായ്ത്തെ സംബന്ധിച്ചു ഗവൺമെണ്ടിനു് ഒരു നിയന്ത്രണം അത്യാവശ്യമാണു്. ഈ കായ്ത്തിൽ മാനേജരന്മാരെ നിർബന്ധിക്കുകയാണു വേണ്ടതു്. പിന്നീടു പറയാനുള്ളതു് ഇന്നത്തെ സ്ഥൈക്കിനെ സംബന്ധിച്ചാണു്. ഈ സ്ഥൈക്കിൽ ഗവൺമെണ്ടും വാദ്ധ്യാന്മാരും ഒരുവശത്തും, മാനേജ്മെൻറു വേറൊരുവശത്തുമാണു്.

ശ്രീ. സി. വി. ഇയ്യു: അപ്പോൾ ഗവൺമെണ്ടു വാദ്ധ്യാന്മാരെ സ്ഥൈക്കിനു പ്രോത്സാഹിപ്പിക്കുന്നുവെന്നാണോ പറയുന്നതു്?

ശ്രീ. എ. താണുപിള്ള: അതിനു ഉത്തരം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനുമുമ്പിലത്തെ സ്ഥൈക്കിൽ വാദ്ധ്യാന്മാർ ഒരുവശത്തും, ഗവൺമെണ്ടും മാനേജരന്മാരും മറ്റൊരുവശത്തുമായിരുന്നു. എന്നാൽ ഇപ്പോൾ മാനേജരന്മാർ ഒരുവശത്തും, വാദ്ധ്യാന്മാരും ഗവൺമെണ്ടും മറുവശത്തുമാണു്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A Thanu Pillai]

പറയാൻ വന്നതു് ഇങ്ങനെ കള്ള രസീതു എഴുതി വാങ്ങിച്ചുകൊണ്ടു് അവക്കു ഇഷ്ടമുള്ള ഒരു തുക, അതായതു് രസീതിൻപടിയുള്ളതിൽ വളരെ കുറഞ്ഞ ഒരു തുക കൊടുക്കും. ഇതാണു് ഇപ്പോഴത്തെ നില. ആ വ്യവസ്ഥിതി മാറിയില്ലെന്നുള്ളതാണു് എന്റെ അഭിപ്രായം. ട്രഷറിയിൽ വ്യ ൦ ശതമാനം അടച്ചു കഴിഞ്ഞാൽ പിന്നെ ശമ്പളം കൊടുക്കുന്നതിനു് മാനേജരന്മാർക്കു ചുമതലയില്ല. ഈ വ്യ ൦ ശതമാനംകൊണ്ടു് വാദ്ധ്യാന്മാർക്കു് ശമ്പളം കൊടുക്കാൻ സാദ്ധ്യമല്ലാതെ വന്നാൽ അതു ഗവമ്മെണ്ടിൽനിന്നും കൊടുത്തുകൊള്ളാമെന്നും പറയുന്നുണ്ടു്. അതായതു്, ഈ വിഷയത്തിൽ ചെലവുവരുന്ന ഏകദേശം ൨൦ ലക്ഷം രൂപ ഗവമ്മെണ്ടു ചെലവാക്കാൻ തയ്യാറാണെന്നാണു പറഞ്ഞതു്. ഈ വ്യ ൦ ശതമാനം ട്രഷറിയിൽ അടച്ചാൽതന്നെയും വാദ്ധ്യാന്മാരുടെ ശമ്പളം ഈ മാനേജരന്മാർതന്നെയാണു് വാങ്ങിച്ചുകൊണ്ടുപോകുന്നതു്. അങ്ങനെ വാങ്ങിച്ചു് ൧൦൦ രൂപാ യ്ക്കു് രസീതു് എഴുതി വാങ്ങിച്ചുകൊണ്ടു് അൻപതോ അറുപതോ രൂപ മാത്രം അവക്കു കൊടുക്കാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് അതും ശരിയായ ഒരേർപ്പാടല്ല. കൂടാതെ പ്രോവിഡണ്ടു ഫണ്ടു സംബന്ധിച്ചു ഏർപ്പാടാണു വാദ്ധ്യാന്മാരുടെ മറ്റൊരു അവശതയ്ക്കു മറ്റൊരു കാരണം. ഈ ഇരുപതു ശതമാനം മറ്റാവശ്യങ്ങൾക്കു വിനിയോഗിക്കുന്നതിൽ ഒരു അഞ്ചു ശതമാനം ഈ കായ്ത്തിനായി വിനിയോഗിക്കുകയും, ബാക്കി പതിനഞ്ചു ശതമാനം സ്കൂളുകളിലെ മറ്റു ചെലവുകൾക്കു വിനിയോഗിക്കുകയുമാണു് ചെയ്യേണ്ടതു്. അങ്ങനെ ഏർപ്പാടു ചെയ്കയും, ശമ്പളം നേരിട്ടു ഗവമ്മെണ്ടിൽനിന്നുതന്നെ കൊടുക്കുകയുമാണു് വേണ്ടതു്. ഈ പള്ളിക്കൂടങ്ങളുടെ കായ്ം നേരെ നടക്കണമെങ്കിൽ ഇങ്ങനെയായാലെ സാദ്ധ്യമാകുകയുള്ളു. ഡിപ്പാർട്ടുമെണ്ടിൽനിന്നു നേരിട്ടുതന്നെ, ഇൻസ്പെക്ടർക്കു സഹകായ്മാണെങ്കിൽ ഇൻസ്പെക്ടർതന്നെയോ അല്ലെങ്കിൽ ഹെഡ് മാസ്റ്റർമാർ മുഖേനയോ വാങ്ങിച്ചു് വാദ്ധ്യാന്മാർക്കു് ശമ്പളം കൊടുക്കാൻ ഏർപ്പാടു ചെയ്യേണ്ടതാണു്. എതായാലും ഈ കായ്ങ്ങളിൽ വ്യക്തമായ ഒരു നയം സ്വീകരിക്കേണ്ടതാണു്. ആദ്യം പറഞ്ഞു, ഇവിടെ ഡിനാമിനേഷൻ സ്കൂളുകൾ നിറുത്തലാക്കി എന്നു്. പിന്നെ ഡിനാമിനേഷൻ സ്കൂളുകൾ ആകാമെന്നും പറയുകയുണ്ടായി. ഇങ്ങനെ പല വിധത്തിലുള്ള ഉത്തരവുകൾകൊണ്ടു് ഇതിനു കുഴപ്പങ്ങളുണ്ടാക്കി. എതായാലും അതു കുഴപ്പത്തിനു കാരണമാക്കി. അതിലേക്കു് ഈ ഗവമ്മെണ്ടു സഹായിക്കുകയും ചെയ്തു. ഇനിമേലാൽ പണമൊന്നും മാനേജുമെൻറു ചെലവാക്കാൻ പോകുന്നില്ല. പലരും ഇതൊരു കച്ചവടകായ്മായിട്ടാണു് വിചാരിച്ചിരുന്നതു്. മുൻപു് സ്കൂളുകൾ നടത്തുന്നതു വളരെ ലാഭകരമായിരുന്നു. മിഡിൽ സ്കൂളുകളുടെ കായ്മാണെങ്കിൽ ചോദിക്കേണ്ടതില്ല. പണ്ടു പ്രൈമറി സ്കൂളിനു് വ്യ രൂപ ഗ്രാൻറു മാത്രമേ ലഭിച്ചിരുന്നുള്ളു. അതിൽ മൂന്നോ നാലോ രൂപാ കയ്യിൽ എടുത്തുകൊണ്ടു് ബാക്കി മാത്രമേ അദ്ധ്യാപകന്മാർക്കു കൊടുത്തിരുന്നുള്ളു.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. സ്റ്റാൻഡിംഗ് ഓർഡർ ൨൨ അനുസരിച്ചു്, ശ്രീ. പട്ടം താണുപിള്ള അവർകൾ നാലടിച്ചു് ഒരു മിനിട്ടായപ്പോൾ അടിയന്തിരപ്രമേയം അവതരിപ്പിച്ചു. ഇപ്പോൾ മണി നാലടിച്ചു് പതിനാറു മിനിട്ടായി. അപ്പോൾ സ്റ്റാൻറിംഗ് ഓർഡർ അനുസരിച്ചു് ൨൫ മിനിറ്റിൽ കൂടുതൽസംസാരിക്കുവാൻ അദ്ദേഹത്തിനു് അനുവാദം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: എന്തായാലും ഇപ്പോൾ ൨൫ മിനിറ്റു് ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഐ. പോൾ. ഈ സ്റ്റാൻറിംഗ് ആർഡറുകൾക്കും റൂളുകൾക്കും വിപരീതമായി പതിനഞ്ചു മിനിറ്റിൽ കൂടുതൽ ഒരു മെമ്പർക്ക് സംസാരിക്കാൻ അനുവാദം കൊടുക്കുന്നതു് ശരിയാണോ?

മിസ്റ്റർ സ്പീക്കർ: അദ്ദേഹം കുറച്ചു താമസിച്ചു് സംസാരിക്കാൻ തുടങ്ങിയതു കൊണ്ടുമാത്രം അപ്രകാരം അനുവദിച്ചിരിക്കയാണു്.

ശ്രീ. എ. താണുപിള്ള: അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഈ ഗവൺമെണ്ടു് ചെയ്യുന്നതെല്ലാം നല്ല ഉദ്ദേശങ്ങളോടുകൂടിയായിരിക്കണമെന്നാണു്. ഇപ്പോൾ ഈ ഗവൺമെണ്ടു് ചെയ്തിരിക്കുന്നതും ജനങ്ങൾക്കു് ഗുണപ്രദമാണെന്നു് കാണുന്നതുകൊണ്ടാണു് അതിനെ ജനങ്ങൾ അനുകൂലിക്കുന്നതു്.

പിന്നെ ഒരു കാര്യം എനിക്കു പറയാനുള്ളതു് ഈ അടച്ചിട്ടിരിക്കുന്ന സ്കൂളുകളെ സംബന്ധിച്ചാണു്. ഗവൺമെണ്ടു് ഇതു സംബന്ധിച്ചു് എന്തു നയമാണു് സ്വീകരിക്കാൻ പോകുന്നതു്? എഡ്യൂക്കേഷൻ കോഡു് അനുസരിച്ചുനോക്കുകയാണെങ്കിൽ ഈ സ്കൂളുകളുടെ റെക്കഗ്നീഷൻ പിൻവലിക്കണം. അതിനും തല്ക്കാലം നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അപ്പോൾ ഇങ്ങനെ അടച്ചിട്ടിരിക്കുന്ന സ്കൂൾകെട്ടിടങ്ങൾ ഗവൺമെണ്ടിൽനിന്നും കമാൻറീയർ ചെയ്യേണ്ടതാണു്. അതിനു കോഡനുസരിച്ചു് നിയമം നിലവിലില്ല. ഇതിനെല്ലാമായി ആവശ്യമായ ഒരു ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കാമായിരുന്നു. അതിൽ ഇന്നയിന്ന അധികാരങ്ങൾ ഗവൺമെണ്ടിനു വേണമെന്നു പ്രത്യേകം വ്യവസ്ഥചെയ്യാമായിരുന്നു. അങ്ങിനെ ഗവൺമെണ്ടിനാവശ്യമുള്ള പവ്വർ കരസ്ഥമാക്കാമായിരുന്നു. ഇങ്ങനെ കമാൻറീയർ ചെയ്യുന്നതിനും മറ്റും പലതും ചെയ്യേണ്ടതായിവരും. എന്നാൽ ഇതേ സംബന്ധിച്ചു് ഞാൻ പത്രങ്ങളിൽ വായിച്ചതു് ഈ പരിഷ്കാരം നടപ്പിൽ വരുത്തുന്നതിനു് ആവശ്യമെന്നു കണ്ടാൽ ആർഡിനൻസുകൾ മൂലം നിയമങ്ങൾ ഉണ്ടാക്കുമെന്നാണു്. അതിന്റെ ആവശ്യമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ സഭ ഇവിടെ കൂടിക്കൊണ്ടിരിക്കുന്ന സമയത്തു് ഗവൺമെണ്ടിനു് അത്യാവശ്യമുള്ള എതെല്ലാം അധികാരങ്ങൾ വേണമോ അതെല്ലാം കിട്ടത്തക്കവണ്ണം ഒരു ബില്ലുകൊണ്ടുവന്നു് പാസ്സാക്കാമായിരുന്നു. എന്നാൽ ഇതിലേക്കുള്ള ഒരു ബിൽ നമ്മുടെ മുമ്പാകെ കൊണ്ടുവന്നിട്ടുണ്ടോ? ഇവിടെ എതു ബില്ലുകൾ ആവശ്യമുള്ളതും ഇല്ലാത്തതുമായി—കാലംകഴിഞ്ഞതുമായിട്ടുള്ളവ—ഹാജരാക്കുകയും പാസ്സാക്കുകയും ചെയ്യു. ഈ ബിൽ എന്തുകൊണ്ടു് ഈ സഭയിൽ കൊണ്ടുവന്നില്ല. ഇതു് ഗവൺമെണ്ടിന്റെ ഒരു കൃത്യവിലോപമാണെന്നു് പറയുന്നതിനു് എനിക്കു അശേഷം മടിയില്ല.

ശ്രീ. എം. ഐ. പോൾ: On a point of order, Sir, സ്റ്റാൻറിംഗ് ആർഡർ വിട്ടു്—പ്രഥമദൃഷ്ടിയിൽ ഒരു സ്പെഷ്യൽകേസ്സായി—മിസ്റ്റർ പട്ടം താണുപിള്ള അവർകൾക്കു് സമയം അനുവദിച്ചതു ശരിയാണോ?

മിസ്റ്റർ സ്പീക്കർ: ആദ്യം ഒരു പോയിൻറ് ഓഫ് ആർഡർ റെയിസു ചെയ്തു. അതിനു രൂപിംഗും ഉണ്ടായി. ആ മെമ്പർക്കു് അല്പസമയം കൂടുതൽ അനുവദിക്കുന്നതിനുള്ള കാരണവും പറഞ്ഞു. അതു മെമ്പർക്കു് സ്വീകാര്യമല്ലെന്നാണോ വിചാരിക്കേണ്ടതു്? ഒരിക്കൽ ഉന്നയിക്കയും തീരുമാനിക്കയും ചെയ്ത അതേ സംഗതിതന്നെ വീണ്ടും പറഞ്ഞു് സഭയുടെ സമയം വെറുതെ വ്യയം ചെയ്യുന്നതു് ശരിയല്ല. If it is on the matter that has been raised already, it cannot be raised again. The member may resume his seat.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ശ്രീമാൻ പട്ടം താണുപിള്ള അവർകൾ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെ ഞാൻ ബലമായി അനുകൂലിക്കുകയാണു ചെയ്യുന്നതു്. ഇന്നു് ഈ സംസ്ഥാനത്തു് നടപ്പിലാക്കിയിരിക്കുന്ന വിദ്യാഭ്യാസപദ്ധതിയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെണ്ടു് പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകളെ ചില മാനേജ്മെൻറുകൾ അനുസരിക്കാത്തതു കാരണം വിദ്യാർത്ഥികൾക്കു പൊതുവെ സംഭവിച്ചിരിക്കുന്ന വൈഷമ്യങ്ങളെപ്പറ്റി ഒന്നുരണ്ടു വാക്കുകൾ ഈ അവസരത്തിൽ പറയണമെന്നാണു ഞാൻ വിചാരിക്കുന്നതു്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഇവിടെ പറയുകയുണ്ടായി, ഏകദേശം മുപ്പത്തിനാലു സ്കൂളുകളോളം സ്ട്രൈക്കിനധീനമായിരിക്കുന്നു എന്നു്. അതിൽ രണ്ടോ മൂന്നോ സ്കൂളുകൾ എൻെറ താലൂക്കിൽ ഉണ്ടെന്നാണു് എൻെറ അറിവു്. അതിനെല്ലാം കാരണം ശ്രീമാൻ പട്ടം താണുപിള്ള അവർകൾ പറഞ്ഞതുപോലെ ഗവൺമെണ്ടു് ഒരു ഓർഡർ പാസ്സാക്കുമ്പോൾ, അതിനെ കക്ഷികളെക്കൊണ്ടു് അനുസരിപ്പിക്കുന്നതിനുള്ള സന്നദ്ധതയോടുകൂടി വേണം അങ്ങിനെയുള്ള ഓർഡർ പുറപ്പെടുവിക്കേണ്ടതെന്നും, അതിനുള്ള കഴിവുകൾ ഗവൺമെണ്ടു് പ്രദർശിപ്പിക്കണമെന്നുമാണു് എനിക്കു പറയാനുള്ളതു്. എൻെറ താലൂക്കിൽപ്പെട്ട നെല്ലിമൂടു് ഹൈസ്കൂൾ ഒരു നല്ല നിലയിൽ നടന്നുവരുന്ന ഒന്നാണു്. അതിൽ ഏകദേശം ആയിരത്തിഇരുന്നൂറോളം കുട്ടികൾ പഠിക്കുന്നുണ്ടു്. അതു ഒരു മാനേജ്മെൻറിൻെറ കീഴിലാണു് നടത്തിവരുന്നതു്. അതും അതിനോടു അടുത്തുള്ള മറെറാരു മാനേജ്മെൻറു് സ്കൂളുമുണ്ടു്. അതു രണ്ടും ഇപ്പോൾ പൂട്ടിയിരിക്കുകയാണു്. കാരണം മാനേജ്മെൻറു് ഇപ്പോഴത്തെ ഗവൺമെണ്ടു് ഓർഡർ അനുസരിക്കുന്നില്ല എന്നുള്ളതുകൊണ്ടുമാത്രമാണു്. ഈ സ്കൂളുകൾ ഫീസ്സിനത്തിൽ നല്ല വരുമാനമുള്ളവയാണു്. ഈ സ്കൂളുകളിൽ മാസം അയ്യായിരം, ആറായിരം രൂപ വരവുണ്ടു്. ആ വരവിൽ പകുതിമാത്രമേ അദ്ധ്യാപകന്മാരുടെ ശമ്പളമായും മറ്റും കൊടുക്കേണ്ടതായുള്ളു. ഇങ്ങനെ ആദായമുള്ള സ്ഥിതിക്കു് ഇതൊരു കച്ചവടമായി ഈ മാനേജ്മെൻറുകൾ വിചാരിക്കുന്നതുകൊണ്ടാണു് ഇങ്ങനെ സ്കൂളുകൾ അടയ്ക്കാൻ കാരണമായിട്ടുള്ളതെന്നാണു് എനിക്കു പറയാനുള്ളതു്. ഈ രണ്ടു സ്കൂളുകളിലും ഇപ്പോൾ പഠിത്തം നടക്കുന്നില്ല. അതിനെന്തു സമാധാനമാണു് പറയാനുള്ളതെന്നാണു് ഞാൻ ചോദിക്കുന്നതു്. അതിനു വല്ല പുതിയ ഏഡ്യൂക്കേഷൻ കോഡോ നിയമമോ കൊണ്ടുവരണമോ; ഇപ്പോൾ നിലവിലുള്ള എഡ്യൂക്കേഷൻ കോഡുകൊണ്ടു് സാധിക്കുകയില്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ സ്കൂളുകൾ ഇങ്ങനെ പൂട്ടിയിടുവിക്കാതെ നടത്തുന്നതിനു് അധികാരം ഉപയോഗിക്കത്തക്ക വ്യവസ്ഥകൾ നിലവിലിരിക്കുന്ന ചട്ടങ്ങളിൽ ഉണ്ടെന്നാണു് എൻെറ അറിവു്. അങ്ങിനെ ആവശ്യമായ നിയമങ്ങൾ ഇവിടെ നിലവിലുള്ളപ്പോൾ ഇത്രയധികം കുട്ടികളുടെ പഠിപ്പിനു പൂർണ്ണമായി വിഘ്നം വരുത്തുവിധം ഒരു ഗവൺമെണ്ടു് ഓർഡർ ഈയ്യിടെ പുറപ്പെടുവിച്ചതിൻെറ ആവശ്യമെന്തു് എന്നാണു് ഞാൻ ചോദിക്കുന്നതു്.

അതുകൊണ്ടു് ഉടനടി ആവശ്യമായ കർശനനടപടികൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി കൈക്കൊണ്ടു് അടച്ചിട്ടിരിക്കുന്നതായ സ്കൂളുകൾ തുറപ്പിച്ചു് കുട്ടികളുടെ പഠിപ്പിനു വിഘ്നം വരാത്തവിധത്തിൽ കാര്യങ്ങൾ നടപ്പിലാക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇതോടുകൂടിത്തന്നെ വേറൊരു കാര്യവും പറയാനുണ്ടു്. അതായതു്, കൊല്ലംകോട്ടുള്ള ഒരു മാനേജ്മെൻറു് സ്കൂളിനെ സംബന്ധിച്ചാണു് ആ സ്കൂൾ മൂന്നാഴ്ചയായി പൂട്ടിയിട്ടിരിക്കയാണു്. അതേസംബന്ധിച്ചു് ഒരു അഡ്ജോൺമെൻറു് മോഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഏതോ സാങ്കേതിക തടസ്സം മൂലം ആ അഡ്ജോൺമെൻറു്

LIBRARY ARCHIVES Kerala Legislative Assembly

മോഷൻ ഇവിടെ സ്വീകരിക്കപ്പെട്ടില്ല. അവിടെ ഹെഡ്മാസ്റ്റർ ഇല്ലാതെ— ഹെഡ്മാസ്റ്റർ ഉണ്ടെന്നുള്ള വിവരമാണ് അധികൃതരെ അറിയിച്ചിട്ടുള്ളത്. അവിടെ ഹെഡ്മാസ്റ്ററെ നിയമിക്കാതെയാണ് ആ സ്കൂൾ നടത്തിവരുന്നത്. ഏതോ ഒരു കോളേജിലെ ഒരു റിട്ടയേർഡ് പ്രൊഫസറെ അവിടെ ഹെഡ്മാസ്റ്ററായി നിയമിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ അദ്ധ്യാപകന്മാർ ഇല്ലാതിരുന്നതുകൊണ്ട് കുട്ടികൾ പഠിപ്പുമുടക്കാതെ എന്താണ് ചെയ്യുക? ഒടുവിൽ കുട്ടികൾ ഒരു പ്രോസഷനായി ഒരു ജാഥ പുറപ്പെടുകയും ചെയ്തു. ആ വസ്തുത പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അങ്ങിനെ ജാഥയായി പോയ കുട്ടികളെ ഈ സ്കൂൾ മാനേജ്മെൻറിൽ നിന്നും അറിയിച്ചതനുസരിച്ച് അടുത്ത ഒരു സ്കൂൾ മാനേജ്മെൻറ് കഠിനമായി ആ വിദ്യാർത്ഥികളെ മർദ്ദിക്കുകയും ചെയ്തു. ഈ സംഗതികൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായി മാത്രമാണ് കഴിഞ്ഞയാഴ്ച ഞാൻ ഒരു അഡ്ജോൺമെൻറ് മോഷൻ കൊണ്ടുവന്നത്.

എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് പ്രത്യേകമായി അപേക്ഷിക്കുവാനുള്ളത് ഉടനടി ഈ സ്കൂളുകളെല്ലാം തുറന്ന് വിദ്യാഭ്യാസം നടത്തത്തക്കവണ്ണം ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇനി ഒരുദിവസം പോലും സ്കൂളുകൾ അടച്ചിടുവാൻ അനുവദിക്കരുതെന്നുമാണ്. ഇന്നത്തെ വിദ്യാഭ്യാസചട്ടങ്ങളനുസരിച്ച് ഈ സ്കൂളുകൾ ഗവൺമെണ്ടിൽനിന്നും ഉടനടിതന്നെ എടുത്തുനടത്തുവാൻ ശ്രമിക്കണമെന്നും, നിവർത്തിയില്ലാത്തപക്ഷം അതിലേക്കാവശ്യമായ ഒരു ആർഡിനൻസുമൂലമെങ്കിലും ഇതിനു പരിഹാരമുണ്ടാക്കണമെന്നും ഗവൺമെണ്ടിനെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. സിതമ്പരനാത നാടാർ: സർ, நான் இந்த சர்க்காருடைய, management பள்ளிக்கூடங்களை சம்பந்தித்த ஆர்டரைப் பொறுத்தளவில், அதை எதிர்த்துப் பேசலாமென்று நினைக்கிறேன். அந்த ஆர்டரைப் பார்த்தளவிலே, கல்வி இலாகாமந்திரி அவர்கள் ஒரு ராஜபடம் காண்பிப்பது போல் தோன்றுகிறது. ஏனென்றால் கல்வி இலாகா மந்திரி அவர்களுக்கு, அவர்களுடைய சர்க்கார் இன்னும் சில நாட்களில் முடிந்து விடுமென்றும், வருங்காலத்தில் தேர்தலுக்கு நிக்கும்போது, சில ஆட்களின் சகாயம் வேண்டுமென்றும், அந்த சகாயத்திற்குப் பொருத்தமான ஆட்கள், மானேஜ்மென்டை நடத்தக்கூடிய ஆட்களா? அல்லது உபாத்தியாயர்களா? என்று பரிசீலனை செய்து பார்த்ததில், உபாத்தியாயர்களுக்கிடையே கல்வி மந்திரி அவர்களுக்கு செல்வாக்கு இருப்பதால்தான், இந்த உத்தரவைப் பிறப்பித்தார்கள் என்ற விஷயம் எனக்குத் தெரியும். அதை நான் சில காரணங்களால் விளக்கலாமென்று நினைக்கிறேன். ஆதி காலத்தில், இந்த மானேஜ்மென்ட் பள்ளிக்கூடங்களெல்லாம் எந்தச் சூழ்நிலையில் இங்கு வந்ததென்பதைப் பற்றி கல்வி இலாகா மந்திரி அவர்கள் சற்றேனும் பரிசீலனை செய்தாரில்லை என்று வருத்தப்படுகிறேன். பண்டுள்ள மானேஜ்மென்ட் பள்ளிக்கூடங்களெல்லாம், அப்பள்ளிக்கூடங்களை வைத்துக்கொண்டு கச்சவடம் செய்து, பணம் உண்டாக்கவேண்டுமென்ற நோக்கத்தோடல்ல வந்தது. ஆனால், நாட்டில் கல்வியைப் பரப்பவேண்டுமென்றும், கல்வியின் மையை அறவே மாற்றவேண்டும் என்றும், மக்களிடையே கல்வியறிவை cent % போதிக்கவேண்டுமென்ற நோக்கத்தோடுதான் பிரைவெட் பள்ளிக்கூடங்கள் கொண்டுவரப்பட்டது. இரண்டாவதாக வந்த மானேஜ்மென்

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Chithambaranatha Nadar]

ட் என்ன செய்ததென்றால், அந்தப்பள்ளிக்கூடங்களை வியாபார ஸ்தலமாக வைத்து நடத்திக்கொண்டு வந்தது. மூன்றுவதாக வந்த மானேஜ்மென்டுகள், குறைந்த சம்பளத்தில் நல்ல உபாத்தியாயர்களை வைத்து ஒரு நல்ல வியாபாரம் செய்துகொண்டிருந்தார்கள். இந்த முறையில், சர்க்கார் உயர்தரப்பள்ளிக்கூடங்களில் வேலை செய்யும் ஆசிரியர்களின் திறமையையும், மானேஜ்மென்டுகளில் வேலை செய்யும் ஆசிரியர்களின் திறமையையும் பார்த்தால் யாதொரு வித்தியாசமும் இருக்காது. ஆனால் சர்க்கார் பள்ளிக்கூடங்களில் வேலை பார்த்துக்கொண்டிருக்கும் உபாத்தியாயர்களுக்கு நூறும் நூற்றைம்பதும் ரூபாய் சம்பளமிருக்க மானேஜ்மென்ட் பள்ளிக்கூடங்களில் உபாத்தியாயர்களாக இருப்பவர்களுக்கு 40-ம் 50-ம் ரூபாய் சம்பளம் கிடைத்துக்கொண்டிருக்கிறது. இந்த இடத்தில் நான் குறிப்பிட விரும்புகிறேன், நமது கல்வி இலாகா மந்திரி ஸ்ரீமான் பனம்பள்ளி கோவிந்த மேனோன் அவர்களது செய்கை, ஒரு மாதத்திலிருந்து இன்னொரு மாதத்திற்கு ஒரு குரங்கு தாவுவதைப் போன்றுதான் இருக்கிறது. இந்த சர்க்காரின் இந்த ஆர்டர் மூலம், ஸ்கூல் உலகம் மறக்காத ஒரு பழியை உண்டாக்கினர் என்று இந்த இடத்தில் எடுத்துச் சொல்ல நான் ஆசைப்படுகிறேன். கல்வி இலாகா மந்திரியவர்கள், மானேஜ்மென்ட் பள்ளிக்கூடங்களெல்லாம் ஒரே இனத்தில் இருக்கின்றதென்று நினைத்தார்கள். அது முழுக்க முழுக்கத் தவறு என்று இந்த இடத்தில் எடுத்துச் சொல்ல நான் ஆசைப்படுகிறேன். சில மானேஜ்மென்ட் ஸ்கூல்களில் நல்ல முறையில் உபாத்தியாயர்களுக்குச் சம்பளம் கொடுக்கப்படுகிறதோடு அங்கு எல்லாம் சட்டரீதியாகவே நடக்கிறது. அந்தக் காரணத்தினால் அங்கு பையன்கள் ஒழுங்காக பள்ளிக்கூடங்களுக்குப் போவதோடு அவர்கள் ஒழுங்கான முறையில் பீஸும் கொடுக்கிறார்கள். வருகிற வருமானத்தின் 40 % யைக் கொண்டு பள்ளிக்கூட உபாத்தியாயர்களுக்கு அவர்கள் கேட்கின்ற சம்பளத்தைக் கொடுக்கலாம். சில பள்ளிக்கூடங்களில் என்ன நடக்கிறதென்று கேட்டால் மாணவர்களிடமிருந்து வசூலிக்கும் பீஸ் உபாத்தியாயர்களின் சம்பளத்திற்கே திகையாமல் இருக்கிறது. இந்தச் சூழ்நிலையில், மோசமானதொரு நிலையில் இருக்கும் பள்ளிக்கூடங்களுக்கு, நமது மந்திரியவர்களின் சட்டம் சற்று சாதகமாக இருக்கிறது. அதே சமயத்தில் நல்ல முறையில் நடக்கும் பள்ளிக்கூடங்களுக்குப் பாதகமாயும் இருக்கிறது. இதை ஒன்றும் ஆலோசிக்காமல், திடீரென்று ஒரு சட்டம் வந்ததால் மக்களிடையே ஒரு பரபரப்பு. அதோடு, பல பள்ளிக்கூடங்கள், என். கே. கிருஷ்ண பிள்ளை அவர்கள் சொன்னதுபோல், பாரசாலைப்பள்ளிக்கூடம் அடைக்கப்பட்டது. கொல்லங்கோடு டி. ஸி. கேசவபிள்ளை அவர்களின் பள்ளிக்கூடம் அடைக்கப்பட்டது. இது மாதிரி இன்னும் எத்தனையோ பள்ளிக்கூடங்கள். இந்த அளவில் இந்த ஆர்டர் வெளிவந்தது, மானேஜ்மென்டுக்கும் உபாத்தியாயர்களுக்கும் இடையே இருந்துவந்த தொடர்பு முறிந்து போய்விட்டது. ஆகவே, இந்தச் சட்டம் அமுலுக்கு வந்துகொண்டிருக்கும் போது, அங்கே நியாயம் அமுலில் இருக்க முடியுமா என்று பார்த்தால், உபாத்தியாயர்கள் சொன்னால் மானேஜர் கேட்கமாட்டார்; மானேஜர் சொன்னால் உபாத்தியாயர்கள் கேட்கமாட்டார்கள். ஆகையால் பையன்கள் பள்ளிக்கூடங்களுக்குப் போகும் நிலை தவறிப்போகிறது. மா

LIBRARY ARCHIVES Kerala Legislative Assembly

ணவர்களுக்குப் பள்ளிக்கூடங்களுக்குப் போக முடியவில்லை. அப்படி, மா ணவர்களுக்குப் பள்ளிக்கூடத்திற்குப் போகமுடியாத இந்தச் சூழ்நிலையில் பெற்றோர்கள் மனம் வருந்திக்கொண்டிருக்கிறார்கள். இதற்கெல்லாம் கார ணம், இந்தக் கல்வி இலாகா மந்திரியவர்களேதான். நான் சொல்வது, உ பாத்தியாயர்களை அடக்கவேண்டுமென்றல்ல. அவர்களும் நம்மைப் போல் மனிதர்கள் தான். அவர்களுக்குச் சரியானபடி சம்பளம் கொடுக்கவேண் டுமென்று அழுத்தமாகச் சொல்கிறேன். ஆனால் இன்றைய இச்சூழ்நிலை மாறவேண்டுமானால், வேறொரு நீதியில் சட்டமிட்டு, உபாத்தியாயர்க ளுக்கும் மானேஜர்களுக்குமிடையே உள்ள பாசம் அறுபடாத நிலையில், உபாத்தியாயர்களுக்கு நல்ல முறையில் சம்பளம் கிடைக்கும் நிலையில், மாணவர்கள் நல்ல முறையில், நன்கு படிக்கும் நிலையில், மானேஜ்மெ ன்டை ஆதரிக்கும் நிலையிலும் வேண்டியதொரு திட்டத்தை இந்த சர்க்கார் கொண்டுவந்தால் தான், இந்தக்கல்வி இலாகாவும், மானேஜ்மென்டும் நல்ல முறையில் போகுமென்று சொல்லி விட்டு நிறுத்திகொள்கிறேன்.

Miss Annie Mascarene: This is not the first time in the history of educational institutions in the world that such a situation has arisen. I am in perfect agreement with the arguments put forth by the leader of the opposition as far as the teachers' position is concerned, but I wish to tell him that if my information is correct, after 3 o'clock to-day, all managements except one has responded to the order of the Government. Being a financial matter—I am open to correction, and I am expecting the Minister concerned to give the correct information to the Assembly—may be they are taking time to accept the proposal of Government. As I said, this is not the first time in the history of educational institutions that such a situation has arisen. The same situation has arisen in England just a few years ago and the British Government was forced to statute, and the Education Act of 1921 passed in England is with regard to this subject. If the Speaker will allow me, I shall be glad to read the section of the Education Act passed in 1921—section 40, sub-section (1) and sub-section 2. It reads as follows: "Managers of a public elementary school not provided by the Local Education Authority, if they wish to close the school, shall give 18 months notice to the Local Education Authority of their intention to close the school, and a notice under this provision shall not be withdrawn except with the consent of the Local Education Authority." The Local Education Authority in this State, Sir, is the Department. The next section is a little bit longer, but it is in agreement with the leader of the Opposition's suggestion as regards commandeering the institutions when managers have failed, or unable to or are unwilling to carry on the institution. It reads as follows: "If the managers of a school who, having given such notice are unable to or unwilling to carry on the school after the expiration of a period specified in the notice, the school house should be put at the disposal of the Local Education Authority if the Authority so desire for the whole or any part of the period free of charge, for the purpose of a school provided by them, but subject to an obligation on the part of the authority to keep the school house in repair and to pay any of the funds to the Inspector—Executive and the funds used by the Authority the school house during such period for the purpose of a school provided by them shall not be deemed for the purpose of Section 18 of this Act to constitute a provision of this new school."

Security of tenure and security of emoluments are conditions essential to any profession.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gnanasigamoni : May I put one question? Are the managers there required to deposit 80 per cent of their income to the Treasury there ?

Miss Annie Mascarene : The conditions with regard to the management are given in the preceding sections. There are a series of sections which provide for the Government to pay a part for the first few years till the institution is able to stand on its own legs, but we are not concerned with that part. I am only supporting that argument of the leader of the opposition who said that institutions which fail to carry out the education scheme should be commandeered by Government in order to run the institutions.

Sir, I myself have had very very bitter experience. Years ago, I was a teacher of a management school and if I speak the truth, I wish to inform the House that there was neither security of emoluments nor security of tenure. The amount on record and the amount received as rupees annas and pies had great difference between them. I picked up an agitation against the authorities and resigned my job in protest and came away. Of course the school is not in India. Here, the situation has given rise to a certain management not to respond to the Government proposal.

The leader of the opposition said that it should be the policy of Government to undertake all education. I quite disagree with that. It is the privilege of 30% of the population—it is the religious tenet of 30% of the population supported by history and tradition and strengthened by efficiency that they should give religious education to their children. In Travancore-Cochin State, Sir, there is the happy combination of secularizing as well as spiritualizing education by allowing religious instruction to be given outside school hours. I cannot understand how the right, the demand supported by tradition and precedent should be denied by secularizing all educational institutions if we are to be governed by democracy.

The situation need not create so much fear in the mind of the leader of the opposition, as 99 per cent of the management has already responded, and they have only to wait, perhaps a day or a few hours, when the other also will fall in line with the others.

As far as the suggestion for an ordinance is concerned, I would request the Government in charge to have some legislation on the subject lest this precedent should be followed in later times. Of all the professions, Sir, the teacher and the doctor—the teacher's profession and the doctor's profession are the most difficult. Of course no wonder the doctor resorts to private practice, but the teacher stands alone to the inclemency and temperamental changes on the part of the manager and sometimes on the part of the other authorities also. Therefore, it is necessary that we should secure the tenure and the emoluments of private school teachers by resorting to legislation as England had done on the subject. Of course, it may not be done exactly in a line with England—Our conditions of finance—communalism, etc., may differ. Yet, we can have our own provisions and our own conditions. But as it is an urgent business, I also request the Government to resort to ordinance if possible and to bring the matter under law, and control not only education, but the tenure of teachers as well.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ശ്രീ. പട്ടം താണുപിള്ളയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഗവൺമെന്റ് ഇപ്പോൾ ചെയ്തിട്ടുള്ള ഈ തീരുമാനം നടപ്പിൽവരുത്താൻ കഴിയാതെ പോകുന്നപക്ഷം ഗവൺമെന്റിനു മാത്രമല്ല, രാജ്യത്തിനുതന്നെ വലിയ അപമാനമാണെന്നാണ് എന്റെ അഭിപ്രായം. സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാരുടെ കഷ്ടതകൾ വളരെക്കാലമായി പരിഹാരം കാണാതെ കിടന്നിരുന്ന ഒന്നാണെന്നു് ഒരുപക്ഷേ സഭയ്ക്കു സമ്മതിക്കും. ഈ പ്രശ്ന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു് ഈ വിധത്തിലെങ്കിലും ഒരു പരിഹാരം കണ്ടുപിടിച്ചു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയേയും അതു നടപ്പിലാക്കുന്നതിനു അനുകൂലിച്ചു ഗവമ്മെണ്ടിനേയും സപ്പ്പ്പോർട്ടുചെയ്യണമെന്നുള്ള അഭിപ്രായം പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (കാസർഗോഡ്): ബഹുമാനപ്പെട്ട സ്പീക്കർ സാർ, ഈ സഭയിൽ ഇന്നു് ഉന്നയിക്കപ്പെട്ടിട്ടുള്ള അടിയന്തിരപ്രമേയത്തിന്മേൽ ഞാൻ ചില അഭിപ്രായങ്ങൾ പറയുവാൻ ആഗ്രഹിക്കുന്നു. ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ നിന്നും ഇതിന്റെ പിന്നിൽ ഒരു രാഷ്ട്രീയമുണ്ടെന്നു് ഞാൻ കരുതുന്നു. ഈ രാഷ്ട്രീയത്തിന്റെ പിന്നിൽ ഒരു ഗൂഢോദ്ദേശ്യ

[Sri. Mannath Padmanabhan]

ഇനിയും ഒന്ന് കിഴ്പ്പെട്ടത്താമെന്ന വിചാരിക്കുകയാണ്. ഇവിടത്തെ ഒരു ബഹുമാനപ്പെട്ട മെമ്പറായ മാളേക്കൽ ഇതൊരു ആപ്പാണെന്ന് പരസ്യപ്പെടുത്തി. ആപ്പിൽ കയറി പിടിച്ചതു് ശരിയല്ലെന്നും ഇതിനു കീഴടങ്ങുന്നതു മഹിളകൾവകാശങ്ങൾക്കു എതിരാണെന്നുമുള്ള അഭിപ്രായങ്ങൾ തീരുമാനം ആദ്യം സമ്മതിച്ച ഒരു ബിഷപ്പുതന്നെമാറി പ്രസിദ്ധീകരിച്ചു വിദ്യാഭ്യാസമന്ത്രി നയതന്ത്രപരമായി മെഴുകുപുരുവത്തിൽ അവരെയൊന്നു താങ്ങി അതൊന്നും അറിഞ്ഞില്ലെന്നുള്ള മട്ടിൽ മൗനം ദീക്ഷിക്കുന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകതന്നെ ചെയ്യുന്നു.

ശ്രീ. സി. വി. ഇയ്യു: ആപ്പു എന്നു പറഞ്ഞതു് എന്തു് ആപ്പാണു്?

ശ്രീ. മന്നത്തു പത്മനാഭൻ: അതു് എന്റെ മാന്യസ്നേഹിതൻ മാളേക്കലിനോടു ചോദിച്ചുതന്നെ അറിയണം. സമ്മതിച്ചതു പലരും ഇപ്പോൾ ഉയർന്തോതിലിരിക്കുന്നവർ സമ്മതിക്കാതെയാണിരിക്കുന്നതു്. ഉയർന്തോതിൽ ഇരിക്കുന്നവർ എന്നു പറഞ്ഞാൽ, വിശേഷിച്ചും ഞാൻ പറഞ്ഞാൽ ഒരു വർഗ്ഗത്തെ തൊട്ടാണു് പറയുന്നതു് എന്നും, പാതിരിയേയും പള്ളിയേയും തൊട്ടു പറയുന്നതാണെന്നും പറഞ്ഞേക്കും. പക്ഷെ ഞാൻ ഉള്ളകാര്യം പറയുകയാണു്. ഒരിക്കൽ സമ്മതിച്ചകാര്യം പിന്നിട്ടു അങ്ങനെയല്ലെന്നു പറഞ്ഞാൽ വിദ്യാഭ്യാസമന്ത്രി അതിനെ എതിർക്കേണ്ടതായിരുന്നു. പക്ഷെ നയതന്ത്രപരമായി രഞ്ജകമനോഭാവത്തോടുകൂടി കീഴടങ്ങുന്ന ബുദ്ധിയുള്ളപ്പോൾ അതിനെല്ലാം സമ്മതം മൂളുകതന്നെ ചെയ്യണം. അങ്ങനെ എതിർപ്പുവന്നപ്പോൾ ഒത്തുതീർപ്പിൽനിന്നു മെല്ലെമെല്ലെ വിദ്യാഭ്യാസമന്ത്രിയും ഗവണ്മെണ്ടും വഴുതിവീഴുന്നുവെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇവിടെ ഒരു കൂട്ടർക്കുമാത്രമല്ല പ്രൈവറ്റു വിദ്യാലയങ്ങൾ ഉള്ളതു്. സമുദായങ്ങൾക്കെല്ലാംതന്നെ ഏറുകുറെ ഉണ്ടു്. പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധിതമാക്കിയകാലത്തു് പ്രൈവറ്റു സ്കൂളുകളെല്ലാം ഗവണ്മെണ്ടിനെ ഏല്പിക്കുന്നപക്ഷം അതു് ഏറ്റെടുക്കാൻ തയ്യാറാണെന്നു് അന്നത്തെ ഗവണ്മെണ്ടു് പറഞ്ഞതു വിശ്വസിച്ചു് ഈ രാജ്യത്തെ ഹിന്ദുസമുദായത്തിൽപെട്ട പല സംഘടനകളുടേയും പാഠശാലകൾ ഗവണ്മെണ്ടിനെ ഏല്പിച്ചിട്ടുണ്ടു്. കോൺഗ്രസ്സു് ഗവണ്മെണ്ടു് വന്നപ്പോൾ ചില മാനേജരന്മാർ ആമയെപ്പോലെ പതുക്കെപ്പതുക്കെ തലനീട്ടിത്തുടങ്ങിയിട്ടുണ്ടു്. ഇന്നത്തെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സ്ഥിതി ഒരു അവ്യവസ്ഥിതമായ നിലയിലാണെന്നു് പറയേണ്ടിയിരിക്കുന്നു. അതനുസരിച്ചാണു് സെക്കൻഡറി വിദ്യാഭ്യാസത്തിലും മറുകെപിടിച്ചു നോക്കുന്നതു്. ഈ ഓലപ്പാമ്പു കണ്ടു് പേടിയ്ക്കുന്ന ഗവണ്മെണ്ടാണെങ്കിൽ, ഞാൻ ബഹുമാനപൂർവ്വം ഗവണ്മെണ്ടിനോടു് പറയുന്നതു് ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനത്തെ എതിർക്കുന്നവർ ആരുമായിക്കൊള്ളട്ടെ, ഏതു് സംഘടനാബലത്തിന്റേയും മകുടമായിക്കൊള്ളട്ടെ, അക്ഷരംപ്രതി നടത്താൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ രാജ്യത്തെ ഓർഡ്ഡർ രാജിവച്ചുപോകണമെന്നാണു്. അല്ലാത്തപക്ഷം ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം അതേപടി നടപ്പിൽ വരുത്തണം. ഗവണ്മെണ്ടു് തീരുമാനത്തെ എതിർത്തു പള്ളിക്കൂടം പൂട്ടിയിടുന്നതു് ചെറിയകാര്യമാണോ എന്നാലോചിക്കണം. കുഞ്ഞുങ്ങൾ വഴിനീളെ പഠിക്കാൻ സൗകര്യമില്ലാതെ നടക്കുന്നു. അദ്ധ്യാപകന്മാർ മറ്റൊരുതരത്തിൽ നടക്കുന്നു. മാനേജരന്മാർ വയറ്റിൽ താളവും പിടിച്ചിരിക്കുന്നു. ഇതാണു് ഇപ്പോഴത്തെ അവസ്ഥ; ഗവണ്മെണ്ടു് ഇതൊന്നും അറിഞ്ഞില്ലെന്നു പറഞ്ഞാൽ അതിനേക്കാൾ അപമാനകരമായ ഒരു സ്ഥിതി വരാനുണ്ടോ? ഒരു എന്തു തെറ്റു ചെയ്താലും ശിക്ഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനുള്ള തന്റേടം ഗവണ്മെണ്ടിനുണ്ടായിരിക്കണം. ഒരു അഞ്ചിടങ്ങഴിയരി കുഞ്ഞുങ്ങളെ പുലർത്താനായി ഒരാൾ ഒളിച്ചുവച്ചാൽ അയാൾ എത്ര മാന്യനായിരുന്നാൽ തന്നെയും അയാളുടെ കൈക്കു വിലങ്ങുവച്ചു റോഡിൽക്കൂടി കൊണ്ടുപോകുന്ന ഗവണ്മെണ്ടിനു് എന്തുകൊണ്ടു് ഈ മാനേജരന്മാരുടെ കൈക്കു് വിലങ്ങുവയ്ക്കുവാൻ സാധിക്കുന്നില്ല? അതിനു് ഒരു നിയമം ഇല്ലെങ്കിൽ നാം ഉണ്ടാക്കണം. ഇപ്പോൾതന്നെ നാം എത്രയോ അനാവശ്യ നിയമങ്ങൾ ഉണ്ടാക്കി സമയം കളയുന്നു. ഇനി സമയം ഇല്ലെങ്കിൽ മറ്റുതരത്തിൽ കൊണ്ടുവന്നെങ്കിലും ഓർഡിനൻസു മൂലമെങ്കിലും ഈ രാജ്യത്തെ വിദ്യാഭ്യാസം സ്വതന്ത്രമായി നടത്തണം. ഈ കാര്യത്തിൽ ശ്രീ. താണുപിള്ള പുറപ്പെടുവിച്ച അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഒരു വക്കീലന്മാരുടേയും കയ്യിൽ വിദ്യാഭ്യാസച്ചുമതല നല്കാതെ പ്രാഥമിക വിദ്യാഭ്യാസം മുതൽ കോളേജ് വിദ്യാഭ്യാസംവരെ ഗവണ്മെണ്ടിന്റെ കഴിവനുസരിച്ചു നടത്തണം. പത്തുമുപ്പതു ലക്ഷം രൂപ ഗ്രാന്റായി ഇഷ്ടംപോലെ മാനേജരന്മാർക്കു കൊടുക്കാൻ കഴിയുന്നുണ്ടെങ്കിൽ ബാക്കി പോരാതെ വരുന്നതിനു് ഒരു വിദ്യാഭ്യാസക്കരം ചുമത്തിയാലും തരക്കേടില്ലെന്നാണു് ഞാൻ പറയുന്നതു്. പുകയിലയ്ക്കു നാലണ സെയിൽസു ടാക്സു് വയ്ക്കുവാൻ ധൈര്യമുള്ള ഗവണ്മെണ്ടിനു് ജനങ്ങളുടെ വിദ്യാഭ്യാസത്തിനു് ഒരു സെസ്സു് പിരിക്കാൻ പാടില്ലേ? ഈ കാര്യങ്ങളെല്ലാം ഗൗരവമായി ആലോചിച്ചു് പ്രവർത്തിക്കാനുള്ള കടമ ഇപ്പോൾ വന്നിരിക്കുന്നു. കിട്ടിയ അവസരം പാഴാക്കാതെ ഒരു നല്ല കാര്യമെങ്കിലും ചെയ്തിട്ടാണു് ഈ ഗവണ്മെണ്ടു് പിരിഞ്ഞുപോയതെന്നു് ഈ രാജ്യത്തെ അനേകലക്ഷം ജനങ്ങളെ അറിയിക്കത്തക്കവിധത്തിൽ ഇന്നത്തെ ഗവണ്മെണ്ടു് ഉറച്ചുനിന്നു് ആരുതന്നെയാകട്ടെ, രാജ്യത്തിനു് ഗുണപ്രദമായ തീരുമാനങ്ങളെ എതിർക്കുന്നവരെ ഒരു നല്ലപാഠം പഠിപ്പിച്ചു് ഗവണ്മെണ്ടിന്റെ ശക്തിയെ കാണിക്കാൻ തയ്യാറാകണം.

ഈ രാജ്യത്തുള്ള കുഞ്ഞുങ്ങൾ ആരുടെയും വകയല്ല. സമുദായത്തിൽ പെട്ടവരുടെയുമല്ല, അന്തരീക്ഷക്കാരുടെയുമല്ല. രാജ്യത്തിന്റെ വകയാണു്.

ശ്രീ. ഇട്ടീര അസൂക്കൻ: കുഞ്ഞുങ്ങൾ അച്ഛനമ്മമാരുടെ വകയല്ലേ?

ശ്രീ. മന്നത്തു പത്മനാഭൻ: പ്രസവിക്കാനും വളർത്താനും അവർ. ബാക്കി കാര്യം ഗവണ്മെണ്ടു് നോക്കിക്കൊള്ളും. അതുകൊണ്ടു് രാജ്യത്തിന്റെ സ്വത്താണു് കുട്ടികളെന്നോർമ്മിച്ചു് അവരെ സ്വതന്ത്രമായി വളർത്താനും രാജ്യത്തിനു വേണ്ടുവണ്ണം വിദ്യാഭ്യാസം ചെയ്യിക്കാനും, എല്ലാ പൗരന്മാർക്കും മതം പള്ളികളിലും അമ്പലത്തിലും വീട്ടിലുമാണെന്നു പറയാനും കിട്ടിയസന്ദർഭം ഈ ജനകീയ കാൺഗ്രസ്സു ഗവണ്മെണ്ടു് വേണ്ടുവണ്ണം ഉപയോഗപ്പെടുത്തുമെന്നു വിശ്വസിക്കുന്നു. ഏതാനും മാനേജരന്മാരും അവരുടെ അനുയായികളും ഒഴിച്ചു ബാക്കിയുള്ള അനേകലക്ഷം ജനങ്ങളും ഈ വിഷയത്തിൽ ഇന്നത്തെ ഗവണ്മെണ്ടിന്റെ പിന്നണിയിൽ ബലമായി നില്ക്കുന്നുണ്ടെന്നു് ഓർമ്മിക്കണമെന്നു ഞാൻ പറയുന്നു.

ശ്രീ. കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട പട്ടം താണുപിള്ള അവർകൾ ഈ അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ചതു്, ഈ പ്രശ്നം സംബന്ധിച്ചുള്ള വിഷമം ഈ സഭയേയും ഭരിക്കുന്ന ഗവണ്മെണ്ടിനേയും പൊതുജനങ്ങളേയും അറിയിക്കുവാൻ ഉപകരിക്കുമെന്നുവച്ചാണെന്നു് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ഈ പ്രശ്നം സംബന്ധിച്ചു ഗവണ്മെണ്ടിനു് ഉണ്ടായിട്ടുള്ള വിഷമം ഗവണ്മെണ്ടിന്റെ കുറ്റം കൊണ്ടാണെന്നു് അദ്ദേഹം ഊഹിക്കുന്നതിനോടു ഞാൻ യോജിക്കുന്നില്ല. ഇതിനു് ഒരു വലിയ ചരിത്രമുണ്ടു്. വിദ്യാഭ്യാസത്തിനേക്കാൾ പ്ര

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. Ayyappan]

ധാനമായി വിദ്യാഭ്യാസ ദേശവല്ക്കരണത്തേയും അങ്ങിനെതന്നെ അന്തരീക്ഷത്തേയും എടുക്കുന്ന രണ്ടു ശക്തികൾ ഈ രാജ്യത്തുണ്ട്. ഈ നില ഇപ്പോൾ തുടങ്ങിയതല്ല. കുറെക്കാലമായി ഈ വാദം തുടങ്ങിയിട്ട്. ഈ തർക്കവുമായി എറെക്കാലം ഇടപ്പെട്ടുപോന്നിട്ടുള്ള ഒരുത്തനാണ് ഞാൻ. പല കമ്മിറ്റികളിലും ഈ വാദത്തെപ്പറ്റിയുള്ള കോലാഹലങ്ങളിൽ ഞാൻ ഇടപെട്ടിട്ടുണ്ട്. ദേശവൽക്കരണമെല്ലാം ചില ജാതിക്കാരുടേയും അന്തരീക്ഷമെല്ലാം മറ്റു ചില ജാതിക്കാരുടേയും ആയിട്ടാണ് കണ്ടിട്ടുള്ളതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: വിദ്യാഭ്യാസം മൂന്നാമതൊരു ജാതിക്കാരുടെയാണോ?

ശ്രീ. കെ. അയ്യപ്പൻ: വിദ്യാഭ്യാസം ഗവൺമെണ്ടിന്റെ.

ശ്രീ. പട്ടം താണുപിള്ള: ഈ കുഴപ്പം കൊച്ചിയിലും ഉണ്ടായിരുന്നുവോ?

ശ്രീ. കെ. അയ്യപ്പൻ: കൊച്ചിയിലും ഉണ്ട്. ദേശവല്ക്കരണം വേറെ ദേശവല്ക്കരണമാണോ എന്നും, അന്തരീക്ഷം വേറെ അന്തരീക്ഷമാണൊ എന്നും ഞാൻ ആലോചിച്ചുനോക്കി. രണ്ടു കക്ഷികളിലും വാസ്തവത്തിൽ വിദ്യാഭ്യാസത്തെ മറക്കുന്ന ഒരു മനസ്ഥിതി വന്നുപോയി. ഒരു കക്ഷിക്കു് അന്തരീക്ഷത്തിന്റെ ആവേശമാണ്. മറുകക്ഷിക്കു് ദേശവല്ക്കരണത്തിന്റെ ആവശ്യമാണ്.

ശ്രീ. മന്നത്തുപത്മനാഭൻ: ദേശവല്ക്കരണം കാൺഗ്രസ്സാണോ?

മിസ്റ്റർ സ്പീക്കർ: സംസാരിച്ചുകൊണ്ടുനില്ക്കുന്ന ആൾ ഇരിക്കുന്നില്ലെങ്കിൽ ചോദ്യം തുടർന്നു ചോദിക്കാൻ പാടില്ലെന്നു പല ആവർത്തി പ്രസ്താവിച്ചിട്ടുള്ളതാണ്.

ശ്രീ. കെ. അയ്യപ്പൻ: കാൺഗ്രസ്സ് അല്ല. വിദ്യാഭ്യാസത്തിനു് ഹാനിവരാത്തവിധത്തിൽ ഏതാണ്ടു് ജനങ്ങളുടെ അഭിപ്രായം രഞ്ജിപ്പിച്ചു കൊണ്ടുപോകണം. എന്റെ മാന്യസ്നേഹിതൻ പറഞ്ഞ രഞ്ജിപ്പിക്കൽ നല്ല അർത്ഥത്തിൽ തന്നെ ഞാൻ എടുക്കുന്നു. ആ രഞ്ജിപ്പിക്കൽ നയത്തിൽക്കൂടി വിദ്യാഭ്യാസത്തിനു് ഹാനികൂടാതെ അന്യായമായി ഒരു കക്ഷിക്കും കീഴടങ്ങാതെ ആരേയും അവഗണിച്ചു എന്നുവരുത്താതെ ഗവൺമെണ്ടിനു് സഹജമായി വേണ്ട വിനയത്തോടുകൂടിയും, ക്ഷമാദീക്ഷയോടുകൂടിയും ഈ പ്രശ്നത്തെ അഭിമുഖീകരിക്കാനുള്ള തന്റേടം ഇനിയും കാണിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ആക്കെങ്കിലും കീഴടങ്ങിപ്പോകുമെന്നു് വേറെ ആരെങ്കിലും പറയുന്നതിനെ ഗവൺമെണ്ടു് ഭയപ്പെടരുതു്. ആരെങ്കിലും ഭീഷണിപ്പെടുത്താൻ വന്നാൽ ആ ഭീഷണിയേയും വകവെക്കരുതു്. രാജ്യത്തിന്റെ പൊതുവായ താല്പര്യത്തെ ഓർക്കാതെ താല്ക്കാലികമായ ചില താല്പര്യങ്ങൾക്കും ചില ആവശ്യങ്ങൾക്കുംവേണ്ടിമാത്രം, രണ്ടുവശത്തുനിന്നും വരാവുന്ന അശാസ്ത്രീയമായ വാദങ്ങൾക്കും കോലാഹലങ്ങൾക്കും ഒന്നും കീഴടങ്ങാതെ, രണ്ടു വശത്തേയും അന്യായം വകവയ്ക്കാതെ, ന്യായമായ വാദം കേട്ടു ഗവൺമെണ്ടു് ഈ വിഷയത്തിൽ എടുത്തുവന്ന നില തുടർന്നുപോകണം. ഗവൺമെണ്ടു് എടുത്തുവന്നിട്ടുള്ള നില തുടർന്നുപോകും. അതിനു് വിഷമം ഉണ്ടാകുകയില്ല. ഒരു വിഷമത്തിനും ഇടവരുകയില്ല. ഇത്ര വിഷമമേറിയ ഒരു പ്രശ്നത്തിൽ കുറെ സ്കൂളുകൾ കുറെ ദിവസം പഠിപ്പിക്കാത്തതു് അത്ര വലുതെ കാര്യമായി കരുതാനുണ്ടോ എന്നു് ഞാൻ ബഹുമാനപ്പെട്ട ശ്രീ. താണുപിള്ള അവർകളോടു ചോദിക്കുന്നു. നമുക്കു് അതിനു് ഒരു തീരുമാനം ഉണ്ടാക്കാൻ സാധിക്കും. എല്ലാവ

LIBRARY ARCHIVES Kerala Legislative Assembly

രുംകൂടി ഈ വിഷയത്തിൽ ഗവണ്മെണ്ടിനെ താങ്ങുകയാണെങ്കിൽ ഒരു കുഴപ്പവും കൂടാതെ, ചിലപ്പോൾ ഒന്നും ചെയ്യാൻ ഇടവരാതെ തന്നെ സവ്വ സ്തുതികളും തുറന്നേയ്ക്കാം. പൂട്ടിയതു് അബദ്ധമായിപ്പോയെന്ന പിന്നിട് അവക്ക് തോന്നിയേക്കാം. ബഹുമാനായ ശ്രീമാൻ താണുപിള്ള അവർകളും പറഞ്ഞു, വിഷമം കൂടാതെ ഇതു് നടത്താൻ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടെന്നു്. അദ്ദേഹത്തിനു് നല്ല പരിചയം ഈ വക കായ്ക്കളിലുണ്ടു്. പലതും അറിയുകയും ചെയ്യാം. ദീർഘദൃഷ്ടിയുള്ള ആളായതുകൊണ്ടു് വിഷമം കൂടാതെ ഇതിനു് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നു് അദ്ദേഹം കാണുകയും ഉപദേശിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് ഇതു് സംബന്ധിച്ചു് യാതൊരു തക്കവും ഉണ്ടാവുകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഈ വിഷയം സംബന്ധിച്ചു ശ്രീമാൻ അയ്യപ്പൻ അവർകളും ഉന്നയിച്ചതായ അഭിപ്രായങ്ങളും പലതും സ്വീകാര്യയോഗ്യമാണെന്നാണു് എനിക്കു് തോന്നുന്നതു്. ശ്രീമാൻ മന്നത്തുപത്മനാഭൻ അവർകളും എടയാറേടനെ വഴിഞ്ഞൊഴുകുന്ന പ്രസംഗം ചെയ്യുമ്പോൾ എനിക്കു് പല ചേതോവികാരങ്ങളുമുണ്ടായി. അദ്ദേഹം ദേശീയതാത്തിന്റെ പേരിലാണു് നമ്മെ ആഹ്വാനം ചെയ്തതു്. മഹനീയമായ ആദർശത്തിന്റെ പേരിലാണു് നമ്മെ ആഹ്വാനം ചെയ്തതു്. അതു് വളരെ നല്ലതുതന്നെ. പണ്ടു് ഒരുത്തൻ പഞ്ചസാര ഉറുമ്പു തിന്നാതിരിക്കാൻ പൊതിഞ്ഞുകെട്ടി "കാപ്പിപ്പൊടി" എന്നു ലേബൽ എഴുതി ഒട്ടിച്ചു എന്നു കേട്ടിട്ടുണ്ടു്. അതുപോലിരിക്കുന്നു ശ്രീ. മന്നത്തിന്റെ ദേശീയതാ. ഈ ദേശീയതാത്തിന്റെ തനിരൂപം ശ്രീമാൻ അയ്യപ്പന്റെ പ്രസംഗം വ്യക്തമാക്കിയിട്ടുണ്ടു്. ശ്രീമാൻ അയ്യപ്പൻ അവർകളും പറഞ്ഞു, ഇതിന്റെ പിന്നിൽ ഒരു നീണ്ട ചരിത്രമുണ്ടെന്നു്. അതു് യഥാർത്ഥമാണു്. വിദ്യാഭ്യാസ വിഷയകമായ ഏതൊരു കായ്ത്തെപ്പറ്റി പറയുമ്പോഴും ആ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വേണം നാം അതിനെവീക്ഷിക്കാനും ചിന്തിക്കാനും.

നിഷ്പക്ഷബുദ്ധിയോടുകൂടി രാജ്യത്തിന്റെ നന്മയെ മുൻനിറുത്തിവേണം നാം ചിന്തിക്കുവാൻ. 1957-വരെ ഈ രാജ്യത്തു് വിദ്യാഭ്യാസസംബന്ധമായി യാതൊരു കുഴപ്പവും ഉണ്ടായിരുന്നില്ല, വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന എജൻസികൾ ഏതുതന്നെയായിരുന്നാലും രാജ്യത്തു വിദ്യാഭ്യാസം പുരോഗമിക്കണമെന്നുള്ള ഏക അഭിപ്രായം മാത്രമേ ഇന്നുവരെ ഉണ്ടായിരുന്നുള്ളൂ. അതിന്റെ ഫലമായി പ്രൈവറേറജൻസികളെ വിദ്യാഭ്യാസരംഗത്തേയ്ക്കു് ഭരണകർത്താക്കൾ ക്ഷണിച്ചുവരുത്തുകയും അവക്കു ഉദാരമായ നിലയിൽ ഗവണ്മെണ്ടിൽനിന്നും ഗ്രാന്റും മറ്റു പല പ്രോത്സാഹനങ്ങളും നൽകി അവരെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. അതിന്റെ ഫലമായി അനുഭവമുണ്ടുകൊണ്ടു് ഈ രാജ്യത്തെ വിദ്യാഭ്യാസം പുരോഗമിച്ചു് വിദ്യാഭ്യാസത്തിൽ തിരുവിതാംകൂർ ഭാരതത്തിലെ ഒന്നാം സ്ഥാനമല്ലെങ്കിലും രണ്ടാംസ്ഥാനമെങ്കിലും കരസ്ഥമാക്കുകതന്നെ ചെയ്തു. അതിനുവേണ്ടി പ്രൈവറേറജൻസികൾ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളും അവർ അനുഭവിച്ചിട്ടുള്ള ക്ലേശങ്ങളും എത്രമാത്രമാണു് എന്നുള്ളതിനെപ്പറ്റി പറഞ്ഞു ഞാൻ ഈ സഭയുടെ സമയം കളയണമെന്നു വിചാരിക്കുന്നില്ല. പാശ്ചാത്യരാജ്യങ്ങളിൽനിന്നു് വളരെ അധികം പണം വരുത്തി ഇവിടത്തെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിനായി മെഷനറിമാർ വളരെ സേവനങ്ങൾ ചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള സേവനങ്ങളുടെ ഫലമായിട്ടാണു് ഈ രാജ്യത്തെ വിദ്യാഭ്യാസം ഇന്നത്തെ നിലയിൽ എത്തിച്ചേർന്നിട്ടുള്ളതെന്നു നിഷ്പക്ഷബുദ്ധികളെല്ലാം സമ്മതിക്കുമെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. അങ്ങനെയിരിക്കുമ്പോഴാണു് സർ,

LIBRARY ARCHIVES Kerala Legislative Assembly

[Sri. Cherian J. Kappen]

സി. പി. രാമസ്വാമി അയ്യർ ഈ രാജ്യത്തെ വിദ്യാഭ്യാസം വിപുലമായി പരിഷ്കരിക്കുന്നതിനും, റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഒരു കമ്മിറ്റിയെ ഏർപ്പെടുത്തിയതു്. ആ കമ്മിറ്റിയുടെ അന്വേഷണഫലമായി ഏകാഭിപ്രായത്തോടുകൂടിയ ഒരു റിപ്പോർട്ട്സമർപ്പിച്ചു. ആ റിപ്പോർട്ടിൽ ഈ രാജ്യത്തെ പ്രൈവറ്റേജൻസി കൾചെയ്ത സേവനങ്ങളെ മുക്തകണ്ഠമായി പ്രശംസിക്കുകയും, ഉദാരമായ പ്രോത്സാഹനങ്ങൾ നൽകേണ്ടതാണെന്ന അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ എന്തു കാരണംകൊണ്ടാണെന്നു് ഇതുവരെ വ്യക്തമായിട്ടില്ല ; ഒരു സുപ്രാധത്തിൽ തിരുവിതാംകൂർ നിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു. അതായതു്, രാജ്യത്തു പ്രൈമറി വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കുവാനായി പ്രൈവറ്റ വിദ്യാലയങ്ങൾ ഗവണ്മെണ്ടിന്റെ കൈകയാക്കണമെന്നു്, ഒരു പ്രമേയം അവതരിപ്പിച്ചു. ആ പ്രമേയത്തെ അനുകൂലിച്ചു് മൻപ്രസ്താവിച്ച റിപ്പോർട്ട സമർപ്പിച്ച കമ്മിറ്റി അംഗങ്ങളും വോട്ട ചെയ്യുകയുണ്ടായി. അതിനുശേഷമാണു് ഈ രാജ്യത്തു വിദ്യാഭ്യാസവിഷയകമായ സകല കഴപ്പുങ്ങളും ഉണ്ടായതു്. ഈ രാജ്യത്തെ ഒരു പിഞ്ചുകുഞ്ഞുപോലും വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കുന്നതിനെ എതിർത്തിട്ടില്ല. സേതുപാവ്വതീ ഭായിയുടെ കാലംമുതൽ ഇവിടെ വിദ്യാഭ്യാസം സൗജന്യമായിരുന്നു എന്നു് നാം ധരിക്കണം. എന്നാൽ പ്രൈവറ്റ വിദ്യാലയങ്ങൾ ഗവണ്മെണ്ടിന്റെ കൈകയാക്കുന്നതിനെ ഈ രാജ്യത്തെ ഒരു വലിയ ജനവിഭാഗം എതിർക്കുകതന്നെ ചെയ്തു. ഇപ്പോൾ ദേശീയതത്വത്തിന്റെ പേരിലാണു് ആ വാദമുഖം ഉന്നയിക്കപ്പെടുന്നതു്. അതിനെ തുടർന്നു് പലപല കഴപ്പുങ്ങളും ഈ രാജ്യത്തുണ്ടായി. ഷിഫ്ടസമ്പ്രദായം മുതലായി പലതും. ആ കഴപ്പുങ്ങൾക്കെല്ലാം ചില പ്രത്യേക ഉദ്ദേശങ്ങളും ഉണ്ടായിരുന്നുവെന്നു് അറിയാം. അങ്ങിനെ എതിർത്തവർ ആരായിരുന്നു ; ഈ രാജ്യത്തെ കൃസ്ത്യാനികൾ. അവരാണു് വിദ്യാഭ്യാസരംഗത്തു് ആദ്യമായി ഇറങ്ങിയവർ. അതിന്റെ ഫലമായി അവർക്കു കൂടുതൽ സ്കൂളുകൾ ഉണ്ടായി. അതിനുശേഷം മറ്റുള്ളവരും ഇറങ്ങുകതന്നെ ചെയ്തു. അവർക്കും ഈ കാര്യത്തിൽ വലിയ വിജയംതന്നെ സിദ്ധിച്ചു. ഈ രാജ്യത്തെ പ്രൈവറ്റ വിദ്യാലയങ്ങൾ ഗവണ്മെണ്ടിന്റെ കൈകയാക്കുന്നതിനെ കൃസ്ത്യാനികൾ എതിർത്തു. അങ്ങിനെയിരിക്കെ സ്കൂളുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനെപ്പറ്റിയും മറ്റുമുള്ള പല രൂളുകളും ചട്ടങ്ങളും കൃസ്ത്യൻ സ്കൂളുകൾക്കു് ദോഷംവരണം എന്നകുതി ഈ രാജ്യത്തു നടപ്പിലാക്കി. അതോടുകൂടി സംശയവും ഭീതിയും നിറഞ്ഞ ഒരു അന്തരീക്ഷം ഈ രാജ്യത്തു സംജാതമായി. അതിനുശേഷം ഈ രാജ്യത്തു ജനകീയ ഗവണ്മെണ്ടു വന്നപ്പോൾ ആദ്യത്തെ മന്ത്രിസഭക്കും ഇതിന്റെ വൈക്ഷമ്യങ്ങൾ നീക്കുവാൻ കഴിയാതെവന്നു. അപ്പോഴും മുൻപുണ്ടായ കഴപ്പുങ്ങളും മറ്റു നങ്ങളും തുടർന്നുകൊണ്ടുതന്നെയാണവന്നിട്ടുള്ളതു്. അതിന്റെ ഫലമായി ഈ രാജ്യത്തെ മൂന്നിലൊരുഭാഗം വരുന്ന ഒരു ജനവിഭാഗത്തെ ജനകീയ ഗവണ്മെണ്ടിനു് തൃപ്തരാക്കുവാൻ കഴിയാതെവന്നു. ഇങ്ങിനെ എല്ലാംകൊണ്ടും ഈ രാജ്യത്തെ കൃസ്ത്യൻജനത സംശയാലുക്കളും ഭീരുക്കളുമായി തീർന്നിരിക്കുന്ന സമയത്താണു സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാരുടെ സൈ്ടക്കു വന്നതു്.

ശ്രീ. കെ. കരുണാകരൻ : ഭീതി എന്തിനെ സംബന്ധിച്ചാണു്?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഭീതി എന്തിനെ സംബന്ധിച്ചാണെന്നു് ഞാൻ ഇതുവരെ പറഞ്ഞതുകൊണ്ടു് വ്യക്തമായില്ലെങ്കിൽ ഇതിന്റെ ചരിത്രം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നേ പറയുവാനുള്ളൂ. അതിനെപ്പറ്റി വിശദീകരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചു് ഈ സഭയുടെ സമയം കളയണമെന്നു് വിചാരിക്കുന്നില്ല. ഭീതിയുടേയും സംശയത്തിന്റേയും അന്തരീക്ഷം നിലവിലിരിക്കുമ്പോൾ ആണു് സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി വന്നതു്. അപ്പോഴും ആ ഭീതിതന്നെ തുടർന്നു. ഈ പദ്ധതിയുടെ നാനാവശങ്ങളേയും പറ്റി നിഷ്പക്ഷമായി ചിന്തിക്കുവാൻ കഴിയാത്ത സംശയം നിറഞ്ഞ പരിതസ്ഥിതികളാണു് ആ ഭീതിക്കു കാരണമായിട്ടുള്ളതെന്നു് നാം ശരിയായി മനസ്സിലാക്കണം. അതുകൊണ്ടു് ശ്രീമാൻ അയ്യപ്പൻ അവർകൾ പറഞ്ഞതുപോലെ രാജ്യത്തിന്റെ നന്മയെ മുൻനിറുത്തിക്കൊണ്ടു്, ഞാൻ പിടിച്ച മുയലിനു കൊമ്പു മുന്നുണ്ടെന്നു് ആരും മക്കടമുഷ്ടി പിടിക്കാതെ, നിഷ്പക്ഷബുദ്ധിയോടും രഞ്ജകമനോഭാവത്തോടുംകൂടി, ഇന്നു് ഇതിനെ എതിർക്കുന്നവരെന്നു് അറിയപ്പെടുന്നവരെയെല്ലാംതന്നെ വിളിച്ചുകൂട്ടി, കാര്യങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കി, അവരുടെ അഭിപ്രായങ്ങളിൽ സ്വീകരിക്കേണ്ടവ സ്വീകരിച്ചു്, ഈ രാജ്യത്തെ കുഴപ്പങ്ങളെ ഇല്ലാതെയാക്കുവാൻ നമുക്കു കഴിയുമെന്നുള്ളതിനു് എനിക്കു തർക്കമില്ല. എല്ലാവരോടും പറയുവാനുള്ളതു് ഭയവോടും സമാധാനത്തോടും കൂടി പറഞ്ഞു ധരിപ്പിക്കുക; അവരുടെ അഭിപ്രായങ്ങൾ അറിയുക; എന്നിട്ടു് അവർ പറയുന്ന സംഗതികൾ ശരിയായി മനസ്സിലാക്കി അതു ന്യായമാണെന്നു തോന്നിയാൽ,—ആദ്യം പറഞ്ഞുപോയതുകൊണ്ടു് ഇനി ഞാൻ പുറകോട്ടു പോകയില്ലെന്നു ഭാവിക്കാതെ രാജ്യത്തിന്റെ നന്മയെ ലാക്കാക്കി വേണ്ടതായ മാറ്റങ്ങളോ മറിവുകളോ വരുത്തേണ്ടിവന്നാൽ വരുത്തി ഇതിനെ നടപ്പിലാക്കുകയാണു് രാജ്യത്തിന്റെ രക്ഷക്കു് ആവശ്യമെന്നാണു് ഞാൻ പറയുന്നതു്.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു ഗവൺമെണ്ടിന്റെ തീരുമാനമനസരിച്ചു ചെയ്യണമെന്നുള്ളതാണോ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ ഒന്നും സൂചിപ്പിച്ചില്ല. വ്യക്തമായി തന്നെയാണു പറഞ്ഞതു്.

ഇതിൽ മറ്റൊരു സംഗതി പലരും ചോദിക്കാറുണ്ടു്. ഈ പദ്ധതി ഒന്നു മാത്രമേയുള്ളൂ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുക്കുവാൻ; മറ്റു മാർഗ്ഗങ്ങളൊന്നുമില്ലേ എന്നു്. പക്ഷെ ഇതിന്റെ പ്രണേതാക്കൾപോലും ഈ രീതിയിൽ മാത്രമേ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുക്കുവാൻ കഴിയൂ എന്നു പറയുമെന്നു് എനിക്കു തോന്നുന്നില്ല. ഇതിൽ എന്തെങ്കിലും വീഴ്ചകൾ വന്നിട്ടുണ്ടെന്നാണെങ്കിൽ, അപ്രകാരം വീഴ്ചകൾ വന്നുകൂടെന്നു പറയുന്നവരുണ്ടെങ്കിൽ അതു ശരിയല്ല. മനുഷ്യനുവേണ്ടി മനുഷ്യനാൽ ആവിഷ്കരിക്കപ്പെട്ട ഒരു പദ്ധതിയായതുകൊണ്ടു് അതിൽ പല കുറവുകളും കുറവുകളും ഉണ്ടായേക്കാം. വീഴ്ചയില്ലെങ്കിൽ ഞാനും ഇതിനെ എതിർക്കുകയുമില്ലല്ലൊ. വീഴ്ചയില്ലെങ്കിൽ ശക്തിയായി ഇതു നടപ്പിൽ വരുത്തുകതന്നെ ചെയ്യും. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഒരു രഞ്ജകമനോഭാവത്തോടുകൂടി, ഇതിൽ എന്തെങ്കിലും വിട്ടുവീഴ്ചകൾ വരുത്തണമെന്നുണ്ടെങ്കിൽ അതു വരുത്തിട്ടെങ്കിലും രാജ്യത്തിന്റെ രക്ഷയേയും നന്മയേയും കണക്കാക്കി പ്രവർത്തിക്കണമെന്നുള്ളതാണു്.

ശ്രീ. തയ്യുള്ളതിൽ കുഞ്ഞിത്തൊമ്മൻ : വിദ്യാലയപണിമുടക്കിനെപ്പറ്റി വന്നിട്ടുള്ള അടിയന്തിരപ്രമേയത്തെ മുൻനിറുത്തി എനിക്കും ചിലതു സംസാരിക്കുവാൻ ഉണ്ടു്. ഒരു രാജ്യത്തിന്റെ സകലവിധ പുരോഗതികളുടേയും അസ്ഥിവാരമായി നിലകൊള്ളുന്നതു് വിദ്യാഭ്യാസമാണല്ലോ. ഇൻഡ്യയിൽ 12 ശതമാനം സാക്ഷരതാ ഉള്ളപ്പോൾ നമുക്കു് 60 ശതമാനം സാക്ഷരതാ ഉണ്ടു്. 12

LIBRARY ARCHIVES Kerala Legislative Assembly

[Sri. Thariath Kunjithomman]

കൊല്ലത്തിലധികമായി നിർബന്ധിത വിദ്യാഭ്യാസം ബാറാഡായിൽ എർപ്പെടുത്തിയിട്ടുണ്ട്. സാക്ഷരതയിൽ ഇപ്പോഴും നമ്മുടെ പുറകിലാണ് അവർ. ഇൻഡ്യയിലേക്കും പ്രഥമസ്ഥാനം സാക്ഷരതയിലും സംസ്കാരത്തിലും, നമുക്ക കൈവരുത്തിതന്നിട്ടുള്ളതു് എയിഡഡ് സ്കൂളുകളാണെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. പുറത്തുനിന്നും ധനം കൊണ്ടുവന്നാണ് ഇവയിൽ പലതും സ്ഥാപിച്ചുനടത്തുന്നതു്. ഇവയുടെ മേലാണ് നാം കൈവയ്ക്കുവാൻ പോകുന്നതു്. ഫലം എന്തായിരിക്കുമെന്നു് ആദ്യമെ ആലോചിക്കണം.

എയിഡഡ് സ്കൂളോ, ഗവണ്മെണ്ടു് വിദ്യാലയങ്ങളോ രണ്ടുമല്ലാത്ത ഒരുതരം സ്ഥാപനങ്ങളാക്കിത്തീർക്കുവാൻ പോകുന്നുവെന്നാണ് മാനേജരന്മാർ ഭയപ്പെടുന്നതു്. ഗവണ്മെണ്ടു നിശ്ചയിക്കുന്ന പരീക്ഷായോഗ്യതയുള്ള വാദ്ധ്യാന്മാരെ വച്ചു സ്റ്റാൻഡേർഡു് അനുസരിച്ചു് വിദ്യാലയം നടത്തുക, ശമ്പളം കൊടുക്കുക; ഇവയ്ക്കു് രണ്ടിനും സ്വാതന്ത്ര്യമില്ലെങ്കിൽ മാനേജുമെൻറ സ്കൂളുകളുടെ നിലമാറുന്നു. നിയമനം നടത്തുക, ശമ്പളം കൊടുക്കുക, ഈ രണ്ടു കാലുകളിലാണ് എയിഡഡ് സ്കൂളുകൾ നിലകൊള്ളേണ്ടതു്. ഇവ രണ്ടും ചൈനാക്കാരികളുടെ കാലുകൾ മാച്ചെരിപ്പിട്ടു് ശോഷിപ്പിക്കുന്നതുപോലെ ശോഷിപ്പിച്ചാൽ താനെ വീണുപോകും. ശോഷിപ്പിക്ക എന്നതിനു പോഷിപ്പിക്ക എന്നും അധോഗമനത്തെ പുരോഗമനം എന്നും നശീകരണത്തെ ദേശീകരണം എന്നും, നല്ല വാക്കുകളിൽ പറഞ്ഞാലും കാര്യം മാറുകയില്ല. വാദ്ധ്യാന്മാർക്കു ശമ്പളം കൊടുത്തു് അവരുടെ കഷ്ടത മാറേണ്ടതുതന്നെയാണ്. അതിനു ശരിയായ മാർഗ്ഗം ഇതല്ലെന്നാണ് മാനേജരന്മാർ പറയുന്നതു്. ഇതു എയിഡഡ് സ്കൂളുകളെ നശിപ്പിക്കുവാനുള്ള സംരംഭമാണെന്നു അവർ ഭയപ്പെടുന്നു. ശരിയായി ശമ്പളം കൊടുക്കുവാൻ ഉത്തമമായ വ്യവസ്ഥകൾ ആലോചിച്ചാൽ കണ്ടുപിടിക്കുവാൻ പ്രയാസമില്ല. ശമ്പളം കൊടുക്കുവാനും വാദ്ധ്യാന്മാരെ നിയമിക്കുവാനും സ്വാതന്ത്ര്യമില്ലാത്ത എയിഡഡ് സ്കൂളുകൾ ഇൻഡ്യയിലെങ്ങും ഉണ്ടെന്നു തോന്നുന്നില്ല.

ശമ്പളം വ്യ൦ ശതമാനമല്ല, ഫ൦൦ ശതമാനവും സേവിംഗ്സ് ബാങ്കിലോ ഗവണ്മെണ്ടു നിശ്ചയിക്കുന്ന ഏതെങ്കിലും ബാങ്കിലോ മാനേജരന്മാരുടെ പേരിൽ നിക്ഷേപിക്കാനും, ചെക്കായിതന്നെ കൊടുക്കുവാനും മാനേജരന്മാർ സമ്മതിക്കും. അവരുടെ കണക്കുകൾ ഇപ്പോഴും ഗവണ്മെണ്ടു് ആഡിറു ചെയ്തുകൊണ്ടാണിരിക്കുന്നതു്. കണക്കു പരിശോധനക്കു കൂടുതൽ നിഷ്കർഷവയ്ക്കുന്നതിലും തരക്കേടില്ല. ചെക്കായി കൊടുക്കുന്ന സംഖ്യ കുറെ നള്ളിയെടുക്കുവാൻ സാധ്യമല്ലല്ലോ. ക്യാഷ് ചെയ്ത ചെക്കുകൾ എല്ലാം പരിശോധിക്കാവുന്നതാണ്. പിന്നെ എങ്ങനെയാണ് അപഹരണം നടക്കുന്നതു്?

വാദ്ധ്യാന്മാരെ ഒരു കമ്മിറ്റി വച്ചു തിരഞ്ഞെടുത്തു ലിസ്റ്റുണ്ടാക്കണമെന്നു് ആദ്യം നിശ്ചയിച്ചു. ഇപ്പോൾ കമ്മിറ്റി ചുരുക്കി പബ്ളിക്ക സർവ്വീസ് കമ്മീഷണരും, ഡയറക്ടരും മതി എന്നുവച്ചു. അതും കമ്മിറ്റി തന്നെ. വലിയ കോട്ടുകൾ പകരം ചെറിയ വേലി. ഗവണ്മെണ്ടു നിശ്ചയിക്കുന്ന പരീക്ഷായോഗ്യതയുള്ളവരെ യഥേഷ്ടം നിയമിക്കുവാൻ സ്വാതന്ത്ര്യം വേണമെന്നാണ് മാനേജരന്മാർ പറയുന്നതു്. കൊള്ളരുതാത്തവരെ നിയമിച്ചു വിദ്യാലയം അധഃപതിപ്പിക്കുവാൻ മാനേജരന്മാർ നോക്കുകയില്ലല്ലോ. കുട്ടികളെ വിദ്യാഭ്യാസകാലത്തുതന്നെ സദാചാരത്തിൽ പരിശീലിപ്പിക്കണമെന്നാണ് വിദ്യാലയങ്ങൾ നടത്തുന്നവരുടെ പ്രധാന ഉദ്ദേശം. കമ്മിറ്റിയിൽനിന്നു് എടുക്കുന്നവരുടെയിടയിൽ നാസ്തികന്മാരും ഉൾപ്പെട്ടും. ജനങ്ങളിൽ മഹാഭൂരിപക്ഷവും ഇവിടെ ആസ്തിക ബുദ്ധിയുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ മതക്കാക്കും ലക്ഷ്യങ്ങളിലും ആദർശങ്ങളിലും ഏറക്കുറെ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും സ്വാഭാവിക നീതിയെ അടിസ്ഥാനമാക്കിയുള്ള സദാചാര നിയമങ്ങളിൽ വളരെ സാമ്യമുണ്ട്. ആ നിലയിൽ അന്തരീക്ഷത്തിനു പരസ്പര വ്യത്യാസം ഇല്ല. കൃസ്ത്യാനികളെപ്പോലെതന്നെ ഹിന്ദുക്കളും മുസ്ലീമിങ്ങളും അവരുടെ ബാലികാബാലന്മാരെ സദാചാരബോധമുള്ളവരായി വളർത്തണമെന്നാണല്ലോ ആഗ്രഹിക്കുന്നത്. മതമില്ലാമതക്കാക്കാണ് ആ നിർബന്ധം ഇല്ലാത്തത്; വിദ്യാഭ്യാസം സ്റ്റേറ്റിന്റെ കുത്തകയാക്കണമെന്നു നിർബന്ധവുമവക്കാണ്. അവർ വിദ്യാലയങ്ങൾ നടത്തുന്നുണ്ടെങ്കിൽ പരീക്ഷായോഗ്യതയുള്ളവരിൽനിന്നു അവക്ക് ഇഷ്ടമുള്ളവരെ അദ്ധ്യാപകന്മാരായി എടുക്കാമല്ലൊ. ഭാരതത്തിന്റെ പുരാതന പാരമ്പര്യം സന്താനങ്ങളെ വിദ്യാഭ്യാസകാലത്തുതന്നെ സദാചാരത്തിലും ഉയർത്തികൊണ്ടുവരണമെന്നായിരുന്നു. അതിനു തക്ക ഗുരുക്കന്മാരെ സ്വീകരിക്കണമെന്നാണ് പൗരാണിക ഗ്രന്ഥങ്ങളിൽ പറയുന്നതു്. ശ്രേഷ്ഠനായ ഗുരുവിനെ പ്രാപിച്ചു് ഉപദേശം സ്വീകരിക്കണമെന്നും, വാളിന്റെ മൂർച്ചയുള്ള വായ്ത്തലയിൽകൂടി നടക്കുന്നതുപോലെ ദുർഗമമാണ് വിദ്യാഭ്യാസകാലത്തെ മനോനിയന്ത്രണത്തോടുകൂടിയ ജീവിതമെന്നും ഉപനിഷത്തു് ഉപദേശിക്കുന്നു. സത്യംവദ, ധർമ്മംചര എന്നാണല്ലോ ലോക നീതി. സത്യം, ധർമ്മം, ഗുരുഭക്തി, മാതൃഭക്തി, പിതൃഭക്തി, ഗുരുവിനു ധനം സമ്പാദിച്ചുകൊടുക്കേണ്ട കടമ ഇവയെപ്പറ്റിയെല്ലാം തൈത്തിരീയോ ഉപനിഷത്തിൽ വിശദമായി ഉപദേശിച്ചിരിക്കുന്നു. അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം മുതലായ യമങ്ങളിലും, നിയമങ്ങളിലും, നിഷ്ഠയുണ്ടായിരിക്കണമെന്നു ദർശനങ്ങളും പറയുന്നു. വിദ്വാന്മാർ എന്നു അഹങ്കരിക്കുന്നവരും ഞാനിരമായി മുഢന്മാരുമായവരുടെ ശിഷ്യത്വം സമ്പാദിച്ചുപോയാൽ കുരുടനാൽ നയിക്കപ്പെടുന്ന കുരുടനെപ്പോലെ ജീവിതത്തിൽ ചുറ്റിത്തിരിയേണ്ടിവരുമെന്നു കഠോപനിഷത്തുകളിൽ വ്യക്തമായി പറയുന്നു. ഈശ്വരൻ ഗുരുക്കന്മാരുടെ ഗുരുവാണെന്നു ദർശനങ്ങളിലെ സൂത്രങ്ങളും ഉപദേശിക്കുന്നു. ഈശ്വരനിൽ വിശ്വാസമുള്ള ഗുരുക്കന്മാരെ സ്വീകരിക്കണമെന്നാണല്ലോ ഇതിന്റെ അർത്ഥം. ലോകാഃസമസ്താ സുഖിനോഭവന്തു എന്നും, പരോപകാരായഃ പുണ്യായഃ പാപായഃ പരപീഡനം എന്നും, ഭാരതാദി ഗ്രന്ഥങ്ങളും പുരാതനകാലം മുതല്ക്കേ ഉപദേശിക്കുന്നു. ഹിന്ദുക്കളും ധാരാളം വിദ്യാലയങ്ങൾ സ്ഥാപിച്ചു് ഈ വിധ ഉപദേശങ്ങളുടെ അന്തരീക്ഷത്തിൽ ബാലികാബാലന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതുകൊണ്ടു് മറ്റു മതസ്ഥർക്കു യാതൊരു ദോഷവും വരാനില്ല. ബാലികാബാലന്മാരെ കയ്യൂരിയ കാളപോലെ നിയന്ത്രണമില്ലാത്ത വിദ്യാലയങ്ങളിൽ സ്റ്റേറ്റിന്റെ കുത്തകയാക്കി പഠിപ്പിക്കുന്നതുകൊണ്ടേ നാട്ടിനു ദോഷം വരാനുള്ളൂ. നല്ല കായ്ക്കളിൽ പരസ്പരസഹിഷ്ണുതയോടെ വർത്തിക്കുവാൻ നമുക്കു കഴിവില്ലെങ്കിൽ നമ്മുടെ സംസ്കാരംകൊണ്ടു് എന്തു ഫലം? ജനകീയ ഗവർമ്മെണ്ടും മാനേജരന്മാരും ഈ ഗൗരവമുള്ള വിഷയം സംബന്ധിച്ചു വീണ്ടും കൂടിയാലോചിക്കുന്നതിൽ ഒരു കുറച്ചിലും ഇല്ല. വിനയവും വിവേകവും ആണല്ലോ സംസ്കാരത്തിന്റെ ലക്ഷണങ്ങൾ. വിദ്യാദധാതി വിനയം എന്നു രാജർഷിയായ ഭർതൃഹരി പറയുന്നു. കൃസ്ത്യാനികൾക്കാണ് ഇപ്പോൾ ധാരാളം എയിഡഡ് സ്കൂളുകൾ ഉള്ളതു്. ഹിന്ദുക്കളേയും മുസ്ലീമിങ്ങളേയും ധാരാളം ഗ്രാന്റു നൽകി സ്കൂളുകൾ നടത്തുവാൻ പ്രോത്സാഹിപ്പിക്കുകതന്നെവേണം. ഇല്ലെങ്കിൽ ചുരുങ്ങിയ സമ്പ്രദായം അല്ല വേണ്ടതു്. നമ്മുടെ രാജ്യം ധാർമ്മികമായി അധഃപതിക്കാതെ നോക്കേണ്ടതു നമ്മുടെ പൊതുകടമയാണ്. അതിൽ ഇപ്പോഴെ ശ്രദ്ധിച്ചില്ലെങ്കിൽ അടുത്ത തലമുറ അപകടത്തിലാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. ഇസ്സ: സർ, വിദ്യാലയപ്രശ്നത്തെ ഈ സഭ സമഗ്രമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ, തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തിന്റെ ശരിയായ ഒരു ചരിത്രം എനിക്കനിശ്ചയമില്ലാത്തതുകൊണ്ട് ഞാൻ അതിനെപ്പറ്റി യാതൊന്നും പ്രസ്താവിക്കുന്നില്ല. പക്ഷെ ഇന്നത്തെ ഈ സഭയിലെ വാദകോലാഹലങ്ങൾ സശ്രദ്ധം ശ്രവിച്ചപ്പോൾ അതിന്റെ പിന്നിലുള്ള ചരിത്രത്തിന്റെ ഏകദേശമായ ഒരു സ്വരൂപം കിട്ടുകയും ഈ സഭയിൽ ബഹു മാനപ്പെട്ട അംഗങ്ങൾ ഉപയോഗിച്ച ഭാഷയുടെ രീതികൂടി പരിഗണിച്ച്, ഭാവി തലമുറകളെ നിയന്ത്രിക്കേണ്ട കുട്ടികളുടെ മാതാപിതാക്കന്മാർക്ക് പുറമെ, ബഹുമാനപ്പെട്ട ഗവണ്മെന്റിനും ഈ സഭയിലെ അംഗങ്ങൾക്കും ഉണ്ടെന്നു നിശ്ചയിക്കുന്ന ചുമതല എങ്ങനെ നിർവ്വഹിക്കപ്പെടുമെന്നാണ് ഞാൻ അത്ഭുതപ്പെടുന്നത്. തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായിത്തീർന്നിട്ടുള്ള സെക്കൻഡറിസ്കൂൾ വിദ്യാഭ്യാസപദ്ധതി, കൊച്ചിക്കാർക്കും വഹിക്കേണ്ടിവന്നതിലാണ് സങ്കടം. അതും സംയോജനത്തിന്റെ വിഷമഫലങ്ങൾ മാത്രമാണ്. ഇതിനു് ഇടവരുത്തിയ സംയോജന കർത്താക്കളെ ഈ സഭയിൽവെച്ചു ഞാൻ പഴിക്കുകയാണ് ചെയ്യുന്നത്. ബഹു. അയ്യപ്പൻ പറഞ്ഞു, ഈ അന്തരീക്ഷങ്ങളും മറവും എല്ലാം കൊച്ചിയിലും ഉണ്ടായിരുന്നുവെന്ന്. അതു ശരിയല്ല. അങ്ങിനെ കൊച്ചിയിൽ യാതൊരു അന്തരീക്ഷവും ഉണ്ടായിരുന്നില്ല. കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും അതിർത്തി പ്രദേശങ്ങളിൽ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന വൈക്ഷമ്യം ചിലപ്പോൾ കുറച്ചു വന്നേക്കാം. എന്നാൽതന്നെയും കൊച്ചി പ്രദേശങ്ങളിലെ ജനങ്ങളും സംസ്കാരവും സാഹോദര്യമനോഭാവവും ഉള്ളവരായിരുന്നതുകൊണ്ട് ഇപ്പോഴത്തെ വിദ്യാഭ്യാസ പദ്ധതിക്കു് ഇടവരുത്തിയ മാതിരിയുള്ള ഒരനുഭവങ്ങളൊന്നും അവിടെ വളരുവാൻ സമ്മതിച്ചില്ല. വിദ്യാഭ്യാസ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഞാനെന്തൊക്കെ പറഞ്ഞാലും അതു മാതാപിതാക്കന്മാർക്കുള്ള ചുമതലയ്ക്കുശേഷമാണ് സ്റ്റേറ്റിന്റെ കർത്തവ്യമായിരിക്കുക എന്നുള്ളതാണ് തത്വം. രാജ്യത്തിലെ എല്ലാ കുട്ടികളും വിദ്യാഭ്യാസം സിദ്ധിച്ചവരായിരിക്കണമെന്നുള്ളതു ശരിതന്നെ. പക്ഷെ കൊച്ചിയിലാണെങ്കിൽ മാനേജരന്മാരും വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും യോജിച്ചു പ്രവർത്തിക്കുന്നു എന്നു മാത്രമല്ല, സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കു ശമ്പളം കൊടുക്കുന്ന കാര്യത്തിലൊ ഫീസു പിരിക്കുന്ന കാര്യത്തിലൊ മറവുരണകാര്യങ്ങളിലൊ പറയത്തക്ക എന്തെങ്കിലും കുഴപ്പം ഉണ്ടാക്കിയിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല. അൺ എയിഡഡ് സെക്കണ്ടറി സ്കൂളുകൾ അടുത്ത പത്തിരുപതുകൊല്ലം മുമ്പുമാത്രമാണ് കൊച്ചിയിൽ ആവിർഭവിച്ചിട്ടുള്ളതു്. കൊച്ചിയിലെ മിക്ക അൺ എയിഡഡ് സെക്കണ്ടറി സ്കൂളുകളിലും ഗവണ്മെന്റിൽനിന്നും വിദ്യാഭ്യാസ സൌജന്യങ്ങൾ ഇല്ലാത്തവരായ അനേകശതം സവർണ്ണഹിന്ദുക്കളും ക്രിസ്ത്യാനികളുമായ ദരിദ്രരായ കർഷകരുടേയും തൊഴിലാളികളുടേയും കുട്ടികൾ സെക്കണ്ടറി വിദ്യാഭ്യാസം കഴിക്കുന്നതിനു മേൽപറഞ്ഞതരം അൺ എയിഡഡ് ഹൈസ്കൂളുകളിലും ലോവർസെക്കണ്ടറി സ്കൂളുകളിലും ഫീസിളവുനിമിത്തം സാധിച്ചു വന്നിരുന്നു ഈ വിദ്യാഭ്യാസപദ്ധതി നടപ്പിലായാൽ എല്ലാംതന്നെ നിറുത്തേണ്ടതായിവരും. അങ്ങനെ കൊച്ചിക്കാരായ ലോവർ മിഡിൽ ക്ലാസ്സുകളിലും അല്പ ശമ്പളക്കാരും ചെറിയ കർഷകരും തൊഴിലാളികളുമായവരുടെ കുട്ടികൾക്കു സെക്കണ്ടറിയും ഹൈസ്കൂൾ വിദ്യാഭ്യാസം സാദ്ധ്യമല്ലാതെ വരുന്നു. ഇന്നു് ഗ്രാമങ്ങളിൽപോലും മുന്നു നാലു് നാഴികകൊണ്ടുള്ളിൽ ഓരോ ഹൈസ്കൂൾ കാണാം. ആയതിൽ മിക്കതും ഇല്ലാതെ വരും. അവിടത്തെ മാനേജരന്മാർ സ്കൂൾ ഒരു കച്ചവടമായി നടത്തുന്നവരല്ല. തിരുവിതാംകൂറിൽ അത്തരക്കാർ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രീക്ഷമായിരിക്കും. എന്റെ അറിവിൽപെട്ടിടത്തോളംയാതൊരുസെക്കണ്ടറിസ്കൂൾ മാനേജരന്മാരും ലാഭമെടുക്കുന്നില്ല. വല്ല പ്രൈമറി സ്കൂൾ മാനേജരന്മാരും ലാഭമെടുക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. ഒരു പക്ഷെ ലാഭമെടുത്താൽതന്നെ പത്തോ മുപ്പതോ രൂപാ ലാഭമെടുക്കുന്നുണ്ടായിരിക്കും.

ശ്രീ. മാന്നാർ ഗോപാലൻനായർ: അപ്പോൾ ഈ മാനേജരന്മാർ മോക്ഷത്തിനാണോ സ്കൂൾ നടത്തുന്നതു്?

ശ്രീ. സി. വി. ഐയ്യു: അതെ, ഒരുവിധം മോക്ഷത്തിനുതന്നെയാണെന്നാണ് ഞാൻ പറയുന്നു. എന്തായാലും തിരുവിതാംകൂറിലെപ്പോലെ ഇക്കാര്യത്തിൽ കൊച്ചിയിലെ മാനേജരന്മാർ ലാഭം പ്രതീക്ഷിക്കുന്നില്ല. മാത്രമല്ല, ചിലപ്പോൾ സന്മനസ്സുള്ള ആളുകൾ വിദ്യാഭ്യാസത്തിനുവേണ്ടി കൊച്ചിയിൽ എന്തോരാമെൻറതന്നെ നീക്കിവെച്ചിട്ടുണ്ടു്. എന്റെ നാട്ടിൽ ഒരു മാന്യൻ അദ്ദേഹത്തിന്റെ മായ്യുടെ കാലശേഷം ഫീസുസൗജന്യത്തിനു അർഹതയുള്ള കൊച്ചു കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ ഒരു നല്ല Estate കൊച്ചി ഗവൺമെണ്ടിനെ ഏല്പിച്ചിട്ടുണ്ടു്. ആ വസ്തുവഹകൾ ഇപ്പോൾ ഈ ഗവൺമെണ്ടിന്റെ കൈവശം വന്നുചേർന്നിരിക്കുകയാണു്.

ശ്രീ. എ. എം. തോമസ്: ബഹു. മെമ്പറുടെ സ്വന്തു് ഇതുപോലെ എൻഡോമെണ്ടായി കൊടുക്കുവാൻ മെമ്പർ തയ്യാറുണ്ടോ?

ശ്രീ. സി. വി. ഐയ്യു: മെമ്പറുടെ സ്വന്തു് എങ്ങനെ ചെലവാക്കണമെന്നുള്ളതിനെപ്പറ്റി മെമ്പർ തന്നെ തീരുമാനിച്ചുകൊള്ളും. ഒന്നാമതു്, അതു ഇപ്പോൾ തീരുമാനിക്കേണ്ട ഒരു കാര്യമല്ല. പോരെങ്കിൽ ഈ ഗവൺമെണ്ടിനെ ഏൽപിക്കുവാൻ ഈ മെമ്പർ ഒരിക്കലും തയാറല്ല. ഇന്നത്തെ ഗവൺമെണ്ടിനു ഇങ്ങനെ ലഭിക്കുന്ന പണം നിശ്ചയമായും ദുർവ്യയം ചെയ്യുമെന്നുള്ള ബോദ്ധ്യമാണു എനിക്കുള്ളതു്. മൻപറഞ്ഞ എന്റെ സ്നേഹിതൻ ഇന്നു ജീവിച്ചിരുന്നെങ്കിൽ ഈ ഗവൺമെണ്ടിനെ അദ്ദേഹത്തിന്റെ എസ്റ്റേറ്റ് ഏല്പിക്കുമായിരുന്നില്ല.

അതിനാൽ ഈ അടിയന്തിരപ്രമേയം സംബന്ധിച്ചു ഇവിടെയുണ്ടായ വാദപ്രതിവാദങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു് ഈ പ്രമേയത്തെ അനുകൂലിച്ചു എതുകക്ഷിയിലുള്ളവരുടേയും മന്ത്രിസഭയുടേയും മന്ത്രിസഭയെ അനുകൂലിക്കുന്ന ഭൂരിപക്ഷ കക്ഷിഅംഗങ്ങളുടേയും ഒരു കലഹാഭിനയത്തിനു ഇതു പാത്രമാക്കിത്തീർക്കുന്നുവെന്നാണു്. അതുകൊണ്ടു വളരെ വൈമനസ്യത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഞാൻ ഈ പ്രമേയത്തെ സ്വാഗതം ചെയ്യുന്നു. സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ചു ഒരു തീരുമാനം ചെയ്യുവാനായി വിളിച്ചുകൂട്ടിയ കാൺഫ്രൻസിൽ സംബന്ധിച്ചു ഒരദ്ധ്യാപക പ്രതിനിധിയെന്ന നിലയിൽ ചില കാര്യങ്ങളും പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നിവിടെ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളിൽനിന്നും വെളിപ്പെടുന്നതു് ഈ അദ്ധ്യാപകകോൺഫ്രൻസിൽവെച്ചു ചെയ്തിട്ടുള്ള തീരുമാനങ്ങളും ഓരോന്നും ചോദ്യം ചെയ്യപ്പെട്ടുവരുന്നു എന്നാണു്. ഒരദ്ധ്യാപകനു ലഭിക്കേണ്ട സർവ്വീസ് സ്ഥിരത, അദ്ധ്യാപകന്റെ പരീക്ഷായോഗ്യത, അവനു കിട്ടേണ്ട ശമ്പളക്രമം, അവനു കൊടുക്കേണ്ട പ്രൊവിഡണ്ടു ഫണ്ടു്, ഫീസു പിരിച്ചെടുക്കുന്നതിന്റെ എത്ര ശതമാനമാണു് കണ്ടിജൻസിക്കായി മാനേജർക്കു കൊടുക്കേണ്ടതു്, എത്ര ശതമാനം ട്രഷറിയിൽ അടക്കണം എന്നിങ്ങനെയുള്ള എല്ലാ വ്യവസ്ഥകളെ സം

LIBRARY ARCHIVES Kerala Legislative Assembly

[Sri. Joseph Mundasseri]

ബന്ധിച്ചും അദ്ധ്യാപകന്മാരുടേയും മാനേജരന്മാരുടേയും പ്രതിനിധികൾ തമ്മിൽ ഈ ഹാളിൽവച്ചുതന്നെ ഒരു പകൽ മുഴവനും, രാത്രി പതിനൊന്നു മണിവരേയും ചർച്ചചെയ്തിട്ടുള്ളതാണ്. ഇക്കാര്യങ്ങളിൽ ഒന്നിനെ സംബന്ധിച്ചും ആ കോൺഫറൻസിൽ തീരുമാനം ചെയ്യാതിരുന്നിട്ടില്ലെന്നുള്ള വസ്തുത ഈ ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട ഈവക കാര്യങ്ങളെ സംബന്ധിച്ച് അദ്ധ്യാപകരുടെ ഭാഗത്തുനിന്നും മാനേജരുടെ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾക്കെല്ലാം ശരിയായ സമാധാനങ്ങൾ നൽകിയതിനു ശേഷമാണ് ഈ തീരുമാനങ്ങൾ ചെയ്തിട്ടുള്ളത്. അദ്ധ്യാപകന്മാർക്ക് ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരുന്നില്ലെന്നും, അവർക്കു കിട്ടേണ്ട എല്ലാ അവകാശങ്ങളും ഗവൺമെണ്ടു സന്മനസ്സോടുകൂടി കൊടുക്കുകയാണുണ്ടായതെന്നും, അങ്ങനെ ഇന്നുള്ള മാനേജരന്മാരുടെ മൗലികവും പ്രാഥമികവുമായ അവകാശങ്ങളെ അതിക്രമിക്കുവാൻ ഇന്നത്തെ ഗവൺമെണ്ടു പരിശ്രമിക്കുന്നുവെന്നും ധ്വനിപ്പിക്കുന്ന സ്വരങ്ങൾ ഇവിടെ നടന്ന ചില പ്രസംഗങ്ങളിൽ കേൾക്കുകയുണ്ടായി. എന്നാൽ വാസ്തവം അതല്ല. രാജ്യമൊട്ടുക്കുള്ള വിദ്യാഭ്യാസം പുരോഗമിക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി ഈ രാജ്യത്തെ അദ്ധ്യാപകന്മാർ ഈ കാൺഫറൻസിൽ സഹകരിക്കുന്നതിനും, അവരുടെ ശമ്പളക്രമത്തേയും ഗ്രേഡേഷൻ ക്രമത്തേയും കുറയ്ക്കുന്നതിനും മറ്റു പല വിധ കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനും തയ്യാറായി എന്നുള്ളതാണ് വാസ്തവം. ആ വിവരം ഞാൻ ഏറ്റവും ബഹുമാനത്തോടുകൂടി ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മനെ അറിയിച്ചു കൊള്ളട്ടെ. അങ്ങനെ അദ്ധ്യാപകന്മാർ ധാരാളം വിട്ടുവീഴ്ചകൾ ചെയ്തിട്ടുണ്ട്. അല്പാല്പം നഷ്ടങ്ങൾ അവർക്കു സഹിക്കേണ്ടിവന്നാലും ശരി, ഈ രാജ്യത്തെ വിദ്യാഭ്യാസം ഭദ്രമായി നടക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാനേജരന്മാരുമായും, ഗവൺമെണ്ടുമായും സഹകരിക്കാൻ ആ കാൺഫറൻസിൽ സംബന്ധിച്ചിരുന്ന അദ്ധ്യാപകപ്രതിനിധികൾ തയ്യാറായിരുന്നു. അതുപോലെ തന്നെ മാനേജരന്മാരുടെ പ്രതിനിധികൾ അദ്ധ്യാപകപ്രതിനിധികളും ഗവൺമെണ്ടുമായി ഉണ്ടായ ചില വാഗ്വാദങ്ങൾക്കുശേഷം പരസ്പരം ചില വിട്ടുവീഴ്ചകൾ ചെയ്ത് ഈ പദ്ധതിയോടു സഹകരിക്കാമെന്നുള്ള ഒരു കരാറിൽ, ഒരു ജന്റിൽമാൻസ് എഗ്രിമെന്റിൽ എത്തിച്ചേരുകയാണുണ്ടായത്. അങ്ങിനെ ചില തീരുമാനങ്ങൾ ചെയ്തശേഷം എല്ലാവരും ഈ ഹാൾവിട്ടു പോകുകയാണു ചെയ്തത്. അതിനുശേഷം മാനേജരന്മാർക്കു വല്ല ഭാവഭേദങ്ങളും വന്നിട്ടുണ്ടെങ്കിൽ ഞാൻ അതിൽ ഖേദിക്കുന്നു. ചില മാനേജരന്മാർ തങ്ങൾക്കു കണ്ടിജൻസിയായി ഇരുപതു ശതമാനം പോരാ എന്നു് ഇപ്പോൾ അഭിപ്രായപ്പെടുന്നതായി കാണുന്നു. ഇതു സംബന്ധിച്ചുള്ള എല്ലാകാര്യങ്ങളും അന്നു ചർച്ച ചെയ്തിട്ടുള്ളതാണ്. പരമാവധി ഇരുപതുശതമാനം മതിയെന്നു മാനേജരന്മാർ അന്നു സമ്മതിച്ചു. ഫീസു പിരിവു മാനേജരന്മാർക്ക് ആദായംപോലെ പരിഗണിക്കേണ്ട ഒന്നല്ലെന്നും അന്നു വെളിപ്പെടുത്തുകയുണ്ടായി.

ശ്രീ. കെ. എസ്സ്. ജോസഫ്: അതു താൽക്കാലികമായ ഒരു തീരുമാനമല്ലായിരുന്നുവോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: 'താൽക്കാലികം' എന്നാണ് അന്നു പറഞ്ഞതു്. പക്ഷെ, അതു മാനേജരന്മാരെ സ്പർശിക്കുന്ന വ്യവസ്ഥകളെപ്പറ്റിയല്ല, നേരെമറിച്ച് ഗവൺമെണ്ടിന്റെ നിലയെ സ്പർശിക്കുന്ന വ്യവസ്ഥകളെ സംബന്ധിച്ചാണ്. ആ കാൺഫറൻസിൽ സംബന്ധിച്ചിരുന്ന മന്ത്രിയെ സംബന്ധിച്ചിട

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം മാത്രമാണ് "താൽക്കാലികം" ഉണ്ടായിരുന്നതു്. അതിൽ സംബന്ധിച്ചു ഒരു പ്രതിനിധി എന്ന നിലയിൽ ഞാൻ അതോർമ്മിക്കുന്നുണ്ടു്. ഒരേ ഒരു കാര്യത്തെപ്പറ്റി മാത്രമെ അന്നത്തെ കോൺഫറൻസിൽ സുനിശ്ചിതമായ ഒരു തീരുമാനം ചെയ്യാതിരുന്നിട്ടുള്ളു. അതു് അദ്ധ്യാപകന്മാരുടെ നിയമനകാര്യത്തെപ്പറ്റിയാണു്. മാനേജരന്മാർക്കു് അദ്ധ്യാപകന്മാരെ നിയമിക്കുവാനുള്ള അവകാശത്തെ ചോദ്യംചെയ്യാതേയും, അവരുടെ മൌലികമായ അവകാശങ്ങളിൽ യാതൊന്നിലും കൈ വെയ്ക്കാതേയും ഇതു സംബന്ധിച്ചു ഗവണ്മെണ്ടു് പിന്നീടു് തീരുമാനിക്കുന്നതാണെന്നും, ആ വിവരം യഥാവസരം മാനേജരന്മാരെ അറിയിക്കാമെന്നും ഗവണ്മെണ്ടഭാഗത്തുനിന്നും പറഞ്ഞുകൊണ്ടാണു് അന്നു എല്ലാവരും പിരിഞ്ഞതു്. ഈ ഒടുവിൽ പറഞ്ഞ കാര്യത്തെസംബന്ധിച്ചു്, അതായതു് അദ്ധ്യാപകന്മാരുടെ നിയമനത്തെ സംബന്ധിച്ചു് അവർ മൻകൂട്ടി ടീച്ചിംഗ് ലൈസൻസു് എടുത്തിരിക്കണമെന്നു് ഇതിനു മുൻപുതന്നെ വാദിച്ചിട്ടുള്ളതാണു്. ശ്രീ. ഇയ്യു കഴിഞ്ഞ അഞ്ചുവർഷങ്ങളായി ഇങ്ങനെ പ്രൈവറ്റു് സ്കൂളുകളിൽ നിയമിക്കുന്ന അദ്ധ്യാപകന്മാർക്കു മൻകൂട്ടി ലൈസൻസു് കൊടുക്കുന്ന സിസ്റ്റം ഏർപ്പെടുത്തണമെന്നു വാദിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് അദ്ധ്യാപകന്മാരുടെ സംരക്ഷണത്തെ സംബന്ധിച്ചിടത്തോളം ഫ്രീ ലൈസൻസു് എർപ്പെടുത്തുന്ന സിസ്റ്റം ശ്രീ. ഇയ്യുവിനു് ആക്ഷേപകരമാണെന്നു തോന്നുന്നില്ല. എന്തായാലും അതേപ്പറ്റി പിന്നീടു വ്യവസ്ഥ ചെയ്യാമെന്നുവെച്ചു. വളരെ ആലോചിച്ചു്, ഗവണ്മെണ്ടിന്റെ എല്ലാ കഴിവുകളും വെച്ചാലോചിച്ചു്, ചെയ്ത തീരുമാനമാണു് അതു്. അതാണു് ഇതു സംബന്ധിച്ചു പുറപ്പെടുവിച്ച പ്രസ്നോട്ടിൽ നാം കണ്ടതു്. മാനേജരന്മാർക്കു് ഇഷ്ടമില്ലാത്തഅദ്ധ്യാപകന്മാരെനിയമിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കുന്നുണ്ടെന്നുമാത്രമല്ല,ഏറെക്കുറെ പരിമിതമായ തോതിലാണെങ്കിലും "അന്തരീക്ഷ" പരിപാലനം അസാദ്ധ്യമല്ലെന്നു വരുത്തുകയിലും, എന്നാൽ അദ്ധ്യാപകന്മാർക്കു സർവ്വീസു് സംരക്ഷണവും ഫ്രീ ലൈസൻസു സമ്പാദിക്കാനുള്ള കഴിവും പ്രദാനം ചെയ്യത്തക്കവണ്ണവുമുള്ള ഒരു പദ്ധതിയാണു് ഗവണ്മെണ്ടു് ഏർപ്പെടുത്തിയതു്. അദ്ധ്യാപക നിയമനകാര്യത്തിൽ മാനേജരന്മാർക്കു് എത്രമാത്രം സ്വാതന്ത്ര്യം കൊടുക്കാമോ അത്രയും കൊടുത്തുകൊണ്ടുള്ള ഒരു തീരുമാനം ഈ വിഷയത്തിൽ ഗവണ്മെണ്ടു് എടുത്തിട്ടുണ്ടെന്നാണു് എനിക്കു തോന്നുന്നതു്, അതിനാൽ എല്ലാ മാനേജരന്മാരും ഒന്നോ രണ്ടോ ആഴ്ചകൊണ്ടുള്ളിൽ ഇതേപ്പറ്റി വേണ്ടവണ്ണം ആലോചിച്ചു ഒരു തീരുമാനം ചെയ്യുമെന്നും ക്രമേണ സർവ്വവിധ സഹകരണത്തോടുകൂടി ഗവണ്മെണ്ടിന്റെ ഈ പദ്ധതി വിജയത്തിൽ എത്തിക്കത്തക്കവണ്ണം വേണ്ടതു സഹായിക്കുമെന്നും എനിക്കു നിശ്ചയമുണ്ടു്. അല്പാല്പം തെറ്റിദ്ധാരണകളൊ അഭിപ്രായ വ്യത്യാസമോ അവരിൽ ചിലർക്കു് ഉണ്ടെന്നിരുന്നാൽതന്നെയും അദ്ധ്യാപകന്മാരോടൊപ്പം മാനേജരന്മാരും "ജനറിൽമാൻസു് എഗ്രിമെൻറ്" പാലിക്കേണ്ട കടമയുണ്ടെന്നുള്ളതിനെ ഓർമ്മിപ്പിക്കുകിലും ഈ പദ്ധതിയോടു് സഹകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു പക്ഷെ, വല്ല സ്കൂളുകളും പൂട്ടിയിടുമെങ്കിൽ, ഇന്നു അങ്ങിനെ സംഭവിച്ചിരിക്കാമെന്നു് അടിയന്തിരപ്രമേയത്തെപ്പറ്റിയുള്ള വാദപ്രതിവാദങ്ങളിൽനിന്നു തോന്നുന്നുണ്ടു്, കുട്ടികളുടെ നന്മയെ ഉദ്ദേശിച്ചു മൻകൂട്ടിയുള്ള നോട്ടീസു കൂടാതെ വിദ്യാലയങ്ങൾ അടയ്ക്കുമെങ്കിൽ, വേണ്ടതു കരുതലോടും ജാഗ്രതയോടും കൂടി കുട്ടികളുടെ പഠിപ്പു മുടങ്ങാതിരിക്കത്തക്ക സർവ്വ കരുതൽ നടപടികളും ഗവണ്മെണ്ടു് ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു. അടിയന്തിരപ്രമേയ പ്രയോക്താവു പ്രസ്താവിച്ചതുപോലെ ഇക്കാര്യത്തിൽ പെട്ടെന്നു സമൂലമായ ഒരുപരിവർത്തനംവരുത്തുന്നതു് ഒരിക്കലും ആശാസ്യമായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടേര അന്ത്രുക്കൻ: ശ്രീ. താണുപിള്ള അവതരിപ്പിച്ച അടിയന്തിര പ്രമേയം നിങ്ങ് പക്ഷമതികളായ ഈ സഭയിലെ അംഗങ്ങളെ ഒരു ദുർഘടംപിടിച്ച സന്ധിയിലേക്ക വലിച്ചിഴയ്ക്കുന്നുണ്ട്. വിദ്യാഭ്യാസകാര്യത്തിൽ ഈ സംസ്ഥാനം മുന്നണിയിലാണെന്നുള്ളതു നിസ്തർക്കമാണല്ലൊ. ആ വിഷയത്തിൽ വളരെക്കാലം ജാഗ്രതയോടെ പ്രവർത്തിച്ചുപോന്നിരുന്ന വ്യക്തികളും അതിനു വേണ്ടതു പിൻതുണ നൽകിക്കൊണ്ടിരുന്ന സമുദായങ്ങളും ഒരുവശത്തും, ആയിരക്കണക്കിനു് അർഹപ്പെട്ടിണിക്കാരായി ഇക്കാര്യത്തിൽ അതൃപ്തിപ്രകടനംചെയ്തുകൊണ്ടിരുന്ന അദ്ധ്യാപകന്മാർ മറുവശത്തും ഇങ്ങനെ പ്രശ്നത്തെ ഇരുവശങ്ങളിൽക്കൂടി അഭിവീക്ഷണംചെയ്യുമ്പോൾ നിങ്ങ് പക്ഷമതികൾക്ക് ഏറ്റവും ദുർഘടകരമായ ഒന്നാണ് ഈ പ്രശ്നമെന്നു തോന്നുന്നതിൽ തെറ്റില്ല. ഇതിനും പുറമെ വേറൊരു സ്ഥലത്തു് എന്തിനും ദേശീകരണം എന്ന വാദവും മുഴക്കിക്കൊണ്ടു ചില സമുദായങ്ങളെ തമ്മിൽത്തല്ലിക്കുവാനും ഇന്നു് അധികാരത്തിലിരിക്കുന്ന ഗവണ്മെൻറിനെ അടിച്ചമർത്തുവാനുമായി വെമ്പൽകൊള്ളുന്ന പ്രതിപക്ഷത്തുള്ള ചില പുരോഗമനവാദികളേയും നാം കാണുന്നുണ്ട്. സർ, ഇതിൻെറ മദ്ധ്യത്തിൽനിന്നുകൊണ്ടു് ഇന്നത്തെ വിദ്യാഭ്യാസപ്രശ്നത്തിനു് ഒരു ശരിയായ മാർഗ്ഗം നിർദ്ദേശിക്കുക എന്നുള്ളതു് ഒരിക്കലും ശ്രമപ്രദമായ ഒരു പ്രവൃത്തിയായിരിക്കുകയില്ലെന്നു് എനിക്കറിയാം. എന്നാൽ ഈ മൂന്നു വിഭാഗക്കാരേയും സാന്ത്വനപ്പെടുത്തുവാൻ നോക്കാതെ ഈ രാജ്യത്തിൻെറ വിദ്യാഭ്യാസതാൽപര്യത്തെ ഹനിക്കാതിരിക്കണമെന്നുള്ള പ്രധാനലക്ഷ്യത്തെമാത്രം മുൻനിറുത്തിക്കൊണ്ടു് ഇന്നത്തെ വിദ്യാഭ്യാസമന്ത്രി ഇക്കാര്യത്തിൽ പരിശ്രമിച്ചിട്ടുണ്ടെന്നുകാണുന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഇന്നിവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്നും, അതിൻെറ ഭവിഷ്യത്തുകൾ എന്തെല്ലാമാണെന്നുംകൂടി ആലോചിച്ചു് ഈ കാര്യത്തെപ്പറ്റി ഒന്നു പുനഃപരിശോധന നടത്തുന്നതു നന്നായിരിക്കും. ചില സമുദായങ്ങൾ തമ്മിലുള്ള വടംവലി മാത്രമാണു് ഈ പ്രശ്നത്തിൻെറ അടിയിൽകിടക്കുന്നകാര്യമെന്നു വീക്ഷിക്കാതെ ദീർഘകാലമായി അനേകലക്ഷംരൂപാ ഒരു സമുദായക്കാരുടെമാത്രംവകയായി ചെലവാക്കിക്കൊണ്ടിരിക്കുന്ന ഈ വിദ്യാഭ്യസ താൽപര്യത്തെ കേവലം അവഗണിച്ചുകൊണ്ടു പെട്ടെന്നു യാതൊരു പദ്ധതിയും നടപ്പിലാക്കുവാൻ ഗവണ്മെൻറു മുതിരുകയില്ലെന്നും ഞാൻ കരുതുന്നു. ഈ ദുർഘടംപിടിച്ച പ്രശ്നത്തെ കൈകാര്യംചെയ്യുവാൻ ഇന്നത്തെ വിദ്യാഭ്യാസമന്ത്രി തീരെ അപ്രാപ്തനാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ പാർട്ടിയിൽത്തന്നെ ഇക്കാര്യത്തിൽ അഭിപ്രായഭിന്നതയുള്ളർ ഉണ്ടെന്നും, തിരുവിതാംകൂറിലെ ആളുകളുടെയിടയിൽ ചില ഉഗ്രമായ ചേരിതിരിവുകൾ ഇതുസംബന്ധിച്ചുണ്ടാകുന്നുണ്ടെന്നും ഓർക്കുമ്പോൾ ഇതിൻെറ ഭവിഷ്യത്തിനെപ്പറ്റി ആർക്കെങ്കിലും ഉൽക്കണ്ഠയും ആശങ്കയും തോന്നുന്നുവെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല. സർ, ഒരു ഉദാഹരണംകൊണ്ടു ഞാൻ ഇതൊന്നുകൂടി വ്യക്തമാക്കാം. ഇന്നത്തെ വിദ്യാഭ്യാസമന്ത്രിയെ ഏറ്റവും കാംക്ഷിക്കേഷനായുള്ള ഒരു ഡെലിവറിക്കേസു് അറൻറുചെയ്യുന്ന ഒരു ഡാക്ടരോടു് ഉപമിക്കാവുന്നതാണു്. ആ ഡാക്ടരുടെ ലക്ഷ്യം എപ്പോഴും തള്ളയ്ക്കും ശിശുവിനും യാതൊരുകേടും കൂടാതെ പരിപൂർണ്ണമായ ആരോഗ്യം പ്രദാനംചെയ്തുകൊണ്ടു് ആ കേസു നടത്തണമെന്നാണു് ഇന്നിവിടെ ആരംഭിച്ചിരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നപക്ഷം പ്രൈമറിയ്ക്കും മാനേജ്മെൻറാകുന്നതള്ള കാലക്രമേണ അന്തരിച്ചുപോകും. വിദ്യാഭ്യാസപ്രചരണമാകുന്ന ആ ശിശുവാകട്ടെ, ശരിയായ മാതൃസംരക്ഷണം ലഭിക്കാതെ കാലാന്തരത്തിൽ രോഗശയ്യയെ പ്രാപിക്കുകയുംചെയ്യും. ഇന്നു ശസ്ത്രക്രിയനടത്തുന്ന മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യെ അതിലേക്ക പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുന്ന മത്താവു് അതായതു് അ ദ്ധ്യാപകലോകം, തൽക്കാലം അതു വിജയപ്രദമായി എന്നു് ആഹ്ലാദിക്കുകയും അതിലേക്ക് ആ മന്ത്രിക്ക് പാരിതോഷികം നൽകുകയും ചെയ്യുമായിരിക്കും; എ ങ്കിലും അടുത്തകാലത്തുതന്നെ വിരഹദുഃഖം അനുഭവിക്കേണ്ടതായുംവരും ആ ശിശുവിനെ അവർക്ക പരിചരിക്കേണ്ടതായുംവരും.

സർ, കൂടുതലായി ഇതിനെപ്പറ്റി എന്തെങ്കിലും പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതു കേവലം സമുദായവാദം ആയേക്കുമോ എന്നുള്ള ഭയംകൊണ്ടു് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു. ഉറങ്ങിക്കിടക്കു ന്ന പട്ടിയെ കല്ലെറിഞ്ഞു് ഉണർത്താതിരിക്കുകയായിരിക്കും ഭേദം.

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: തിരുവിതാംകൂർ–കൊച്ചി സംസ്ഥാ നത്തിൽ ആകെ മിഡിൽസ്കൂളുകളും ഹൈസ്കൂളുകളുമായി ൯൬ ഗവൺമെന്റ പ്രൈവറ്റസ്കൂളു കളുണ്ടു്. അതിൽ തിരുവിതാംകൂറിൽമാത്രം ൭൫൭ പ്രൈവറ്റസ്കൂളുകളും ഉ ണ്ടു്. ഈ ൯൬ ഗവൺമെന്റ പ്രൈവറ്റസ്കൂളുകളിലുംകൂടി ഉദ്ദേശം ൧൦,൦൦൦ അദ്ധ്യാ പകന്മാർ വേല എടുക്കുന്നുണ്ടു്. ഈ പതിനായിരത്തോളംവരുന്ന അദ്ധ്യാപക ന്മാക്കു് സേവനസ്ഥിരതയും ജീവിക്കാൻ മതിയായ കൂലിയും കൊടുക്കുന്നതിനു പറ്റുംപടിയുള്ള ഒരു പദ്ധതിയാണു് ഈ നാട്ടിലെ മാനേജരന്മാരുടെ പ്രതിനിധി കളുടെ സന്നിധിയിൽവച്ചു് ഇക്കൊല്ലം ആഗസ്റ്റമാസം ൧൫-൦൦നു് ഇതേഹാ ളിൽവച്ചുതന്നെ മിക്കവാറും കരടുരൂപത്തിൽ തയ്യാറാക്കിയതു്. അതിനുശേ ഷം ആ പദ്ധതിയെപ്പറ്റി ഗവണ്മെൻറഭിപ്രായത്തുനിന്നും ആലോചിക്കുകയും, അ തു നടപ്പിൽവരുത്തുകയും ചെയ്യുകഴിഞ്ഞിരിക്കുന്നു. ആ പദ്ധതിയുടെ ഏറ്റവും പ്രധാനമായഭാഗം ഗ്രാഡുവേറ്റു് അദ്ധ്യാപകന്മാക്കു് ൪൫ രൂപമുതൽ ൧൫൦ രൂപ വരെ ശമ്പളംകൊടുക്കുക; ഹെഡ്മാസ്റ്റരന്മാക്കു് ൧൫൦ രൂപമുതൽ ൨൦൦ രൂപവ രെ ശമ്പളംകൊടുക്കുക അണ്ടർഗ്രാഡുവേറ്റു് അദ്ധ്യാപകന്മാക്കു് ൩൦ രൂപമുതൽ ൭൦ രൂപവരെ ശമ്പളംകൊടുക്കുകഎന്നുള്ളതാണു്. ഈ ശമ്പളം കൊടുക്കുവാനുള്ള ചുമതല ഗവണ്മെൻറു് ഏറ്റിരിക്കുന്നു. അതു കൊടുക്കുന്നതിലേക്കു് ഓരോസ്കൂളിലു മുള്ള ഫീസുപിരിവിന്റെ ൬൦ ശതമാനം നീക്കിവയ്ക്കണമെന്നു ഗവണ്മെൻറു് ആ വശ്യപ്പെടുന്നു. ആ ൬൦ ശതമാനം നീക്കി ബാക്കിയുള്ള സംഖ്യ മാനേജരന്മാരു ടെ യുക്തംപോലെ മറ്റാവശ്യങ്ങൾക്കു വിനിയോഗിക്കാമെന്നും വച്ചിരിക്കുന്നു. ഈ ൬൦ ശതമാനം മാനേജരന്മാർ ഗവണ്മെൻറഭിപ്രായത്തിൽ ഒടുക്കേണ്ടതാണു്. ഇതാണു് ഇപ്പോഴത്തെ പദ്ധതിയുടെ പ്രധാനസ്വഭാവം. ഈ പദ്ധതിമൂലം ൨൦ ലക്ഷത്തിൽ പരം രൂപ കൊല്ലംതോറും സർക്കാർ ഖജനാവിൽനിന്നും പുറത്തേക്കു പോകേണ്ടിവരും. ൪൫ രൂപമുതൽ ൧൫൦ രൂപവരെ ൩൦ രൂപമുതൽ ൭൦ രൂപവരെ എന്നിങ്ങനെയുള്ള സ്കെയിലുകൾ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു കൊ ല്ലംതോറും ഓരോരുത്തരുടേയും ശമ്പളത്തിൽ ൫ രൂപവീതം കൂടുന്നതനുസരിച്ചു് ഈ ഇനത്തിൽ കൂടുതലായി വേണ്ടിവരുന്ന സംഖ്യയും കൊടുക്കേണ്ടതു ഗവ ണ്മെൻറിന്റെ ചുമതലയായിതീർന്നിട്ടുണ്ടു്. ഈ ആവശ്യത്തിലേക്കുവേണ്ടി ഒരു എഡ്യുക്കേഷൻ സെസ്സു് പിരിക്കേണ്ടതായിവരും. പ്രൈവറ്റസ്കൂളുകളിലെ മാ നേജരന്മാർ അദ്ധ്യാപകന്മാരെ നിയമിക്കുമ്പോൾ ആ അദ്ധ്യാപകന്മാർ ഡിപ്പാർട്ട മെൻറിൽനിന്നു ടീച്ചിംഗു് ലൈസൻസു് എടുത്തിരിക്കണമെന്നുകൂടി ഈ പദ്ധതി നിർബന്ധിക്കുന്നു. ഒരു കാര്യവും ഒളിച്ചുവച്ചിട്ടാവശ്യമില്ല. ആവശ്യമുള്ള എ റ്റവും കുറഞ്ഞ പരീക്ഷായോഗ്യതയുള്ള എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടു് ഒരു ലിസ്റ്റു് ഉണ്ടാക്കുന്നു. ആ ലിസ്റ്റിൽനിന്നും ഏതു മാനേജർക്കും ഇഷ്ടമുള്ള ആളു

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

കളെ തിരഞ്ഞെടുത്തു നിയമിക്കാം. ആ വിധത്തിൽ ഒരു തീരുമാനം എടുത്തിട്ടുള്ളതു പ്രൈവറ്റ്സ്കൂൾമാനേജരന്മാർക്ക് അവരുടെ സ്കൂളിന്റെ സ്വഭാവത്തിനും ആവശ്യത്തിനും യോജിച്ച വ്യക്തികളെ തിരഞ്ഞെടുത്തു നിയമിക്കാനുള്ളസ്വാതന്ത്ര്യം വേണമെന്നുള്ള വാദം സ്വീകരിക്കേണ്ടതു് ന്യായമായിട്ടുള്ള ഒന്നാണെന്നു ഗവണ്മെണ്ടിനു തോന്നിയതുകൊണ്ടാണു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പട്ടം താണുപിള്ള ഈ വിഷയത്തെപ്പറ്റി ചെയ്തിട്ടുള്ള ആക്ഷേപങ്ങളെ ഞാൻ സ്വീകരിക്കുന്നില്ല. ഈ വിഷയത്തിൽ ഈ വിധത്തിലുള്ള ഒരു വ്യവസ്ഥ ഈ നാട്ടിലെ പ്രൈവറ്റ്സ്കൂളുകളുടെ വിജയകരമായ നടത്തിപ്പിനു് ആവശ്യമാണെന്നുഗവണ്മെണ്ടു വിചാരിക്കുന്നു.

Sri. A. Nesamony: Will there be any communal representation, Sir?

Sri. Panampilli Govinda Menon: No.

ഇവിടെ നടന്ന പല പ്രസംഗങ്ങളിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു പലരും കാര്യങ്ങൾ ശരിയായി വേണ്ടവിധത്തിൽ മനസ്സിലാക്കി പ്രസംഗിച്ചിട്ടില്ലെന്നാണു്. ഫീസുപിരിവിന്റെ വ്യ ശതമാനം അദ്ധ്യാപകന്മാരുടെ ശമ്പളത്തിനുവേണ്ടി നീക്കിവയ്ക്കണമെന്നും, അതു സുഗമമായവിധത്തിൽ അദ്ധ്യാപകന്മാക്കു് കൊടുക്കുന്നതിലേക്കുവേണ്ടി ഗവണ്മെണ്ടു് ട്രഷറിയിൽ അടയ്ക്കണമെന്നും പറയുന്നതിൽ ആത്മാർത്ഥമായി ഒരു മാനേജർക്കും എതിരു പറയുവാൻ സാധിക്കയില്ലെന്നാണു് എന്റെ വിശ്വാസം. എന്നുതന്നെയല്ല, ഈ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ക്രൈസ്തവസ്കൂൾമാനേജരന്മാരുടെ അസോസിയേഷൻ പ്രസിഡണ്ടു് ആ വസ്തുത ഒരവസരത്തിൽ ഗവണ്മെണ്ടിനെ അറിയിച്ചിട്ടുമുണ്ടു്. അദ്ദേഹം ഒരിക്കൽ എനിക്കെഴുതിയ ഒരു കത്തിൽ ഇങ്ങനെ പറയുന്നു:

"My dear Mr. Govinda Menon,

Coming to understand that you will be delivering the inaugural address of the anniversary of the Secondary School Teachers' Association today at Thiruvalla, I thought it advisable on my part to bring to your kind notice the fact that the managers of all Christian denominations have taken a unanimous resolution yesterday, not to deposit the 80 per cent of fee collections to the Government treasury *until* the managers are guaranteed their freedom of selection and appointment of teachers."

ഈ വാചകത്തിന്റെ അർത്ഥം ഞാൻ മനസ്സിലാക്കുന്നതു് അദ്ധ്യാപകനിയമനത്തിനുള്ള സ്വാതന്ത്ര്യം മാനേജ്മെൻറിനു കിട്ടുകയാണെങ്കിൽ ഫീസുപിരിവിന്റെ വ്യ ശതമാനം ട്രഷറിയിൽ അടയ്ക്കാൻ അവർ സന്നദ്ധരാണെന്നാണു്. ആ സംഗതി ഒരു ക്രൈസ്തവനായ, ക്രൈസ്തവ സ്കൂൾമാനേജരന്മാരുടെ പ്രസിഡണ്ടു് ആണു് എന്നെ അറിയിച്ചിട്ടുള്ളതു്. ഇന്നു അദ്ധ്യാപകന്മാരെ നിയമിക്കേണ്ട കാര്യത്തിൽ ഗവണ്മെണ്ടു് ആവിഷ്കരിച്ചിട്ടുള്ള രൂപകളിൽ ഈ സ്വാതന്ത്ര്യം പരിപൂർണ്ണമായി മാനേജ്മെൻറിനു കിട്ടുന്നുമുണ്ടു്.

ശ്രീ. എ. താണുപിള്ള: ഈ എഴുത്തു എപ്പോൾ കിട്ടിയതാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെപ്തമ്പർ അവസാനമായിട്ടാണു്.

ശ്രീ. സി. വി. ഇയ്യു: ആ എഴുത്തയച്ച മാനേജരുടെ പേരെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കത്തോലിക്കാ സ്കൂൾമാനേജരന്മാരുടെ അസോസിയേഷൻ പ്രസിഡൻറാണു്. പേരറിയണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർതന്നെ അന്വേഷിച്ചറിഞ്ഞുകൊള്ളുകയേ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

൭൪൭ സ്കൂളുകളുള്ളതിൽ ൪൦൦ സ്കൂളുകളും ഗവണ്മെൻറിന്റെ പദ്ധതിയനുസരിച്ച് വ൦ ശതമാനം ഫിസുപിരിച്ചു ഗവണ്മെൻറ്ഖജനാവിൽ അടച്ചുകഴിഞ്ഞിരിക്കുന്നു എന്നാണ് എനിക്കു സഭയെ അറിയിക്കുവാനുള്ളത്. അതിനാൽ ഒരു നല്ലവിഭാഗം സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ഇതിനകം ശമ്പളം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇത്രയുംകഴിഞ്ഞതിനുശേഷം രഞ്ജകമനോഭാവമെന്നും, വിട്ടുവീഴ്ചയെന്നും, കൂടിയാലോചനയെന്നും പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഗവണ്മെൻറിന്റെ പദ്ധതിയനുസരിച്ചു ഷേറിയിൽ പണം അടച്ചിട്ടുള്ള നാനൂറോളം സ്കൂളുകളിലെ മാനേജരന്മാരോടും ആ സ്കൂളുകൾ നടത്തുന്നവരോടുമുള്ള ബഹുമാനത്തെ ഉള്ളിൽവച്ചുകൊണ്ടെങ്കിലും, ഈ ഗവണ്മെൻറ് ഓരോ അവസരത്തിലും ഓരോരുത്തർ പറയുന്നതനുസരിച്ച് ഒരു കഴുതയുടെ നിലയിൽ പെരുമാറുന്ന ഒരു ഗവണ്മെൻറല്ലെന്നുവരുത്തുന്നതിനുവേണ്ടിയെങ്കിലും ഈ കാര്യത്തിൽ യാതൊരുവിധത്തിലുള്ള വീണ്ടുവിചാരത്തിനും വിട്ടുവീഴ്ചയ്ക്കും ഗവണ്മെൻറ് ഒരുക്കമല്ലെന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. (ഹിയർ, ഹിയർ, ഹർഷാരവം.)

ഏതാനും നാളുകളായി മൗലികാവകാശങ്ങളെപ്പറ്റി വളരെ അധികം കേൾക്കുന്നുണ്ട്. ഗവണ്മെൻറിനു മൗലികാവകാശങ്ങളും ഇല്ലായിരിക്കാം. പക്ഷേ ഗവണ്മെൻറിനു മൗലികമായ ചില ചുമതലകളും ഉണ്ട്. അതിൽ ഏറ്റവും പ്രധാനമായതു് ഈ നാട്ടിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം നടത്തുകയെന്നുള്ളതാണ്. ആ ചുമതല മറ്റാർക്കും വിട്ടുകൊടുക്കുവാൻ ഗവണ്മെൻറിനു സാധ്യമല്ല. പ്രൈവറ്റ് എജൻസികൾക്കു വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള ചുമതല നൽകിയതുതന്നെ ഗവണ്മെൻറിന്റെ ആ ചുമതലയിൽ ഗവണ്മെൻറിനെ സഹായിക്കുകയും, ഗവണ്മെൻറിനോടു സഹകരിക്കുകയും ചെയ്യുമെന്നുള്ള ആഗ്രഹം കൊണ്ടുമാത്രമാണ്. ഇതുസംബന്ധിച്ചു ഞാൻ ഇതിനുമുൻപു ചെയ്തിട്ടുള്ള ചില പ്രസ്താവനകൾ വിസ്മരിക്കുന്നില്ല. ആ പ്രസ്താവനകൾ മനസംതന്നെ ഗവണ്മെൻറിന്റെ ഈ ഉദ്ദേശലക്ഷ്യത്തിനു് ഒരിക്കലും ബാധകമായി നിൽക്കുന്നതല്ല. കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം നൽകുന്ന അദ്ധ്യാപകന്മാർക്കു ന്യായമായ ശമ്പളംകിട്ടണം. പ്രൈവറ്റ്സ്കൂളുകളുടെ നടത്തിപ്പിൽ ആരുടേയും മൗലികാവകാശത്തെയും തൊരുവിധത്തിലും തടയുന്ന ഒരു പദ്ധതിയല്ല ഇതു്. ഭരണഘടനാവ്യവസ്ഥകൾ അനുസരിച്ചോ, ഗവണ്മെൻറ് ആവർത്തിച്ചാവർത്തിച്ചു ചെയ്തിട്ടുള്ള ഉറപ്പുകൾ അനുസരിച്ചോ വിദ്യാലയങ്ങളുടെ നടത്തിപ്പിനെ സംബന്ധിക്കുന്ന യാതൊരുവിധമായ മൗലികാവകാശങ്ങളിലും കൈവയ്ക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നില്ല. പ്രൈവറ്റ്സ്കൂളുകൾ നടത്താൻ ആർക്കും അവകാശമുണ്ട്. പ്രൈവറ്റ് സ്കൂളുകളിൽ മാനേജരന്മാർക്ക് ഇഷ്ടമുള്ള അദ്ധ്യാപകന്മാരെ, അവർക്കു നിർണ്ണയിച്ചിട്ടുള്ള പരീക്ഷായോഗ്യതകളുണ്ടെങ്കിൽ, നിയമിക്കുവാനുള്ള അവകാശവുമുണ്ട്. മൗലികാവകാശങ്ങളെപ്പറ്റി വളരെയധികം വാദങ്ങളും നാം ഇവിടെ കേൾക്കുന്നുണ്ട്. ഒരൊറ്റ മനുഷ്യന്റെ മൗലികാവകാശത്തെയും ഈ പദ്ധതിമൂലം തള്ളിക്കളയുന്നില്ല. ഈ പദ്ധതി നടപ്പിൽവരുന്നതുകൊണ്ട് ഈ നാട്ടിലെ വിദ്യാഭ്യാസം പിന്നോക്കംപോകുകയില്ലെന്നുമാത്രമല്ല, നേരേമറിച്ചു വളരെ അടുക്കോടുകൂടിയും നിയന്ത്രണത്തോടുകൂടിയും അദ്ധ്യാപകന്മാരുടെ സുസ്ഥിരമായ പിൻബലത്തോടുകൂടിയും ഈ നാട്ടിലെ വിദ്യാഭ്യാസം നടക്കുന്നുള്ളതുകൊണ്ടു വിദ്യാഭ്യാസകാര്യത്തിൽ ഇപ്പോൾതന്നെ ഇൻഡ്യയുടെ മുന്നണിയിൽനിൽക്കുന്ന തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം ഈ പദ്ധതിയുടെ ഫലമായി ലോകത്തിന്റെ മുന്നണിയിൽ എത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. (ഹിയർ, ഹിയർ)

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

അതോടൊപ്പം എനിക്ക പറയുവാനുള്ളത ഗവണ്മെൻറിന്റെ മഴലികമായച്ച മതലകളെപ്പററി അതം വിസ്തരിച്ചുകടെന്നാണ്. ഗവണ്മെൻറിന്റെ മൗലികാവകാശങ്ങളെപ്പററി ഒരു പുസ്തകത്തിലും പറയുന്നില്ല. പക്ഷെ, ഗവണ്മെൻറിന്റെ മൗലികമായ ചുമതലയിൽ ഏററവും പ്രധാനമായി നില്ക്കുന്നത 'ഒരിക്കൽ' എന്നുള്ളതാണ്. ആ ചുമതലാനിവ്വഹണം അതുടെയെങ്കിലും അന്യായവും അനാവശ്യവുമായ എതിർപ്പുകൊണ്ട മുടവ്വഹമാകുകയാണെങ്കിൽ, ലഘുജാകരമായ പ്രവൃത്തിചെയ്യുവാൻ ഞാൻ ഒരുക്കമല്ലെന്നം വളരെ ന്യായമായ ഈ പദ്ധതി എത്ര എതിർപ്പുണ്ടെയിരുന്നാലും നടപ്പിൽവരുത്തുവാൻതന്നെയാണ് ഞാനും മന്ത്രിസഭയിലുള്ള എന്റെ സഹപ്രവത്തകന്മാരും ഒരുങ്ങിയിരിക്കുന്നതെന്നും ഈ സഭയേയും ഇവിടത്തെ ജനങ്ങളേയും അറിയിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. (ഹിയർ, ഹിയർ)

ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. ശ്രീ. പട്ടം താണുപിള്ളയുടെ പ്രമേയത്തിൽ സ്തൈക്കിനെപ്പററിയും സ്ഥിരം പൂട്ടിയിട്ടതിനെപ്പററിയുമാണ് പറഞ്ഞിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവണ്മെൻറ യാതൊരു കടുംകയ്യും ചെയ്യാൻ ആഗ്രഹിക്കുന്നില്ല. അക്കാരണത്താൽ ഗവണ്മെൻറിനെ ധൈര്യമില്ലാത്തവരെന്നും ഉശിരില്ലാത്തവരെന്നും ആരെങ്കിലും ആക്ഷേപിക്കുന്നുവെങ്കിൽ അവർ ആക്ഷേപിച്ചുകൊള്ളട്ടെ. പക്ഷെ, ഒരുകാര്യം ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. ആരുടേയും സഹായം ഗവണ്മെൻറിന്റെ ഉശിരിനു് ആവശ്യമില്ല. എന്നാൽ ആരെങ്കിലും സ്ഥിരം പൂട്ടിയിടുന്നതുമൂലം ഈ സംസ്ഥാനത്തെ ഒരൊററക്കുഞ്ഞുപോലും പഠിക്കാതിരിക്കയില്ലെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

നവംബർ ൩–ാംതയാണ സ്തൈക്കുതുടങ്ങിയതു്. പത്തോ മുപ്പതോ സ്കൂളുകളിൽ സ്തൈക്കനടക്കുന്നുണ്ടു്. മാനേജരന്മാർ സ്കൂളുകൾ തുടങ്ങിയിട്ടുള്ളതു ഗവണ്മെൻറനുവാദത്തോടുകൂടിയാണ്. ഒരു പ്രദേശത്തെ Educational Need അതായതു്, വിദ്യാഭ്യാസപരമായ ആവശ്യം നോക്കിമാത്രമാണ് ഒരു സ്കൂളിനു് അനുവാദം കൊടുക്കുന്നതു്. അങ്ങനെ തുടങ്ങിയിരിക്കുന്ന സ്കൂളുകൾ നോട്ടീസുകൂടാതെ അടച്ചിടാമോ, നിറുത്തുവാനോ യാതൊരു മാനേജർക്കും അവകാശമില്ല. ആ സമർത്ഥിക്കുവാൻവേണ്ടി ശ്രീമതി ഏനിമസ്ക്രീൻ ഫൻ ൨–ലെ ഈ ഗ്രന്ഥിലെ എഡ്യൂക്കേഷൻ ആക്ട് ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ഫൻ ൪൪–ലെ മറെറാരാക്ടിൽ പറയുന്നതു രണ്ടു കൊല്ലത്തെ നോട്ടീസുകൂടാതെ ഒരു സാങ്ഷൻഡ സ്കൂൾ നിറുത്തുവാൻ പാടില്ലെന്നാണ്. കാരണം, ഒരു സ്കൂൾ എന്നു പറയുന്നതു പിടികൊരുത്തിരി നടത്തുന്നയാളിനു തോന്നുമ്പോൾ തുറക്കാനും, തോന്നുമ്പോൾ അടയ്ക്കാനുമുള്ള ഒരു സ്ഥാപനമല്ല. എതെങ്കിലും ഒരു മാനേജർ ഒരു സ്കൂൾ നിറുത്തിയാൽ അതിലേക്ക നിവൃത്തിമാർഗ്ഗം ഉണ്ടാക്കുവാനുള്ള അവകാശം ഗവണ്മെൻറിനു കിട്ടേണ്ടതാണ്. അതിനുവേണ്ടി രണ്ടു ദിവസംമുൻപ് എഡ്യൂക്കേഷൻകോഡിൽ മാനേജരന്മാരുടെ ഈ ധാർമ്മികമായ ചുമതല നിറവേറുവാൻ പര്യാപ്തമായ ഒരു ഭേദഗതി ചെയ്യുവാൻ എടുപ്പാടുചെയ്തിട്ടുണ്ട്. മുന്നകൊല്ലത്തെ നോട്ടീസുകൂടാതെ യാതൊരു സ്കൂളും അടച്ചിടുവാൻ പാടില്ലെന്നു നിർദ്ദേശിക്കുന്നുണ്ട്. അതനുസരിച്ചു് ഈ നാട്ടിലെ മാനേജരന്മാർ പ്രവർത്തിക്കുമെന്നവിശ്വസിച്ചുകൊണ്ടും, ഇവിടത്തെ പാവപ്പെട്ട അദ്ധ്യാപകന്മാരുടെ സ്ഥിതിക്കുകുറെവുള്ളിടത്തോളം അതിനുമുമ്പായുണ്ടാക്കിക്കൊടുക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയും ഈ ഗവണ്മെൻറ തുടങ്ങിയിട്ടുള്ള ഈ പദ്ധതിക്കു് ഇവിടത്തെ മാനേജരന്മാർ നിസ്സഹകരണമനോഭാവമെടുത്തു യാതൊരു കുഴപ്പങ്ങളും ഉണ്ടാക്കുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. രണ്ടു കക്ഷിനേതാക്കന്മാരും അങ്ങേയറ്റംവരെ പ്രകടി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുവാൻ ഗവണ്മെന്റ് തയ്യാറുണ്ടോ? ഭൂമിക്കായ തരപ്പെടുത്തിയ യാതൊരു തുടർന്നും വരുന്നില്ലെങ്കിൽ....

ശ്രീ. എ. താണുപിള്ള: ഇന്നതൊക്കെയെന്ന് നോട്ടീസുകൊടുത്തു ചോദിക്കുവാൻ മാന്യമെമ്പർ തീരുമാനിച്ചാൽ അവയെപ്പറ്റി ഗവണ്മെന്റ് എന്തു നടപടി നടത്തുവാനാണ് ഉദ്ദേശിക്കുന്നതു?

ശ്രീ. പനമ്പിള്ളി തൊഴിലമൈനാൻ: അതു് മുമ്പേ ചിലപ്രാവശ്യമുണ്ടായതാണു്.

Mr. Speaker: It being 6 o'clock, we will now adjourn.

The House adjourned at 6 p.m. to meet again at 11 a.m. on Friday, the 10th November 1950

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly